2017
ഒക്ടോബർ 25
വാല്യം 10
ലക്കം 20

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08



# ഷെറിൻ നീ എവിടെ?... ഒരു നാട് തേങ്ങുന്നു...

**ബീ**ഹാറിലെ തെരുവിലെവിടെയോ ജനിച്ചുവീണ സരസ്വതി എന്ന കുഞ്ഞിനെ അനാഥശാലയിൽ എത്തിക്കുമ്പോൾ അവളിൽ ഉള്ള ശാരീരിക വൈകല്യതകൾ അത്ര വലിയ പ്രശ്നമല്ലായിരുന്നു. ആ അനാഥശാലയിൽ അവൾ അരുമയായി വളർന്നു. അവിടെ നിന്നുമാണ് സൗഭാഗ്യങ്ങളുടെ നാടായ അമേരിക്കയിലെ ടെക്സാസ് സ്റ്റേറ്റിലെ ഡാളസ് പട്ടണത്തിലുള്ള റിച്ചാർഡ്സണിലേക്ക് അവൾ എത്തിപ്പെടുന്നത്. സരസ്വതി ഷെറിൻ മാത്യൂസ് ആയി. വെസ്ലി മാത്യു അവൾക്ക് ഡാഡിയും സിനി അവൾക്ക് മമ്മിയുമായി. ഉത്സാഹവതിയും സുന്ദരികുട്ടിയും ആയ ആ മൂന്നുവയസ്സുകാരി ഡാളസിലെ സൗഭാഗ്യങ്ങളിൽ വളർന്നുവരവെ 2017 ഒക്ടോബർ 7ന് രാത്രി 3 മണിക്ക് അവൾ അപ്രത്യക്ഷയായിരിക്കുന്നു. 3 അടി ഉയരവും 22 പൗണ്ട് മാത്രം തൂക്കവുമുള്ള ശാരീരിക വൈകല്യങ്ങളുണ്ടെന്ന് പറയപ്പെടുന്ന ആ പിഞ്ചു കുട്ടിയെ പാലുകുടിച്ചില്ല എന്നതിന്റെ പേരിൽ ശിക്ഷയുടെ ഭാഗമായി വളർത്തച്ഛൻ വീടിനു പുറത്തിറക്കി നിർത്തിയത്രെ. വീടിനു പുറത്ത് നല്ല തണുപ്പുള്ള രാത്രിയിൽ ചെന്നായകൾ സഞ്ചരിക്കുന്ന ആ കൂരിരുട്ടിൽ പാവം പിഞ്ചുകുഞ്ഞിനെ നിർ

04

## വൈകി കിട്ടിയ വാർത്ത

### ശിക്ഷകളില്ലാത്ത ലോകത്തിലേക്ക് ആ മാലാഖ പറന്നു പോയി

**കാത്തിരുപ്പിനു വിരാമം. ഒടുവിൽ ആ വാർത്ത എത്തി.ഷെറിന്റെ മൃതദേഹം കണ്ടെടുത്തു.വെസ്ലി മാത്യൂസിന്റെ വീടിനു ഒരു മൈൽ അകലെ ഒരു കലുങ്കനടിയിലെ പൈപ്പിൽ നിന്നാണ് മൃതദേഹം കണ്ടെടുത്തത്.ഇതുമായി ബന്ധപ്പെട്ടുവെസ്ലി മാത്യൂസിനെ അറസ്റ്റ് ചെയ്തു. കൂടുതൽ അറസ്റ്റ് ഉണ്ടാകാൻ സാധ്യത ഉണ്ട്.**

# ഐ.പി.സി ഫാമിലി കോൺഫറൻസ് പ്രവർത്തനങ്ങൾ സജീവമാകുന്നു

## ലോക്കൽ കമ്മറ്റി രൂപീകരിച്ചു

എസ്. പി. ജെയിംസ് , പബ്ലിസിറ്റി/മീഡിയ



പാസ്റ്റർ കെ. വി. തോമസ് | ജോൺസൺ വർക്കി | ബോബി പി. തോമസ് | ഫിന്നി സാം | ബ്ലസ്സൻ ബാബു

**ഡാളസ്:** 2018 ജൂലൈ 19-22 വരെ ഡാളസിൽ നടക്കുന്ന 16-ാമത് നോർത്ത് അമേരിക്കൻ ഐ.പി.സി ഫാമിലി കോൺഫറൻസിന്റെ ലോക്കൽ ഭാരവാഹികളെ നാഷണൽ കൺവീനർ പാസ്റ്റർ ബേബി വർഗീസിന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 8 ഞായറാഴ്ച ഐപിസി എബനേസർ ഹാളിൽ കൂടിയ മീറ്റിംഗിൽ തിരഞ്ഞെടുത്തു. ഡാളസ് ഫോർട്ട് വർത്ത് പട്ടണങ്ങളുടെ മദ്ധ്യത്തിൽ ഇർവിംങ് പട്ടണത്തിലുള്ള സുപ്രസിദ്ധ ഡാളസ് ഫോർട്ട് വർത്ത്

06

## വിദേശത്തേക്ക്



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി സി തോമസ് കുടുംബമായി യുഎഇ, കുവൈറ്റ് എന്നി രാജ്യങ്ങളിൽ സന്ദർശിക്കുന്നു. പ്രസ്തുത രാജ്യങ്ങളിലെ ദൈവസഭകളുടെ ക്ഷണം സ്വീകരിച്ച് ക്രമീകരിക്കപ്പെട്ടിരിക്കുന്ന മീറ്റിംഗുകളിൽ ശുശ്രൂഷിക്കുന്നതിനായിട്ടാണ് അദ്ദേഹം യാത്ര തിരിച്ചത്. യുഎഇയിലും കുവൈറ്റിലുമുള്ള ദൈവസഭകൾക്കും വിശ്വാസികൾക്കും ഓവർസിയറുടെ ശുശ്രൂഷ ഏറ്റവും അനുഗ്രഹമായിരിക്കും.

## സാക്ഷി



ഉപദേശ ഖണ്ഡനം നടത്തുന്നവരുടെ അടിസ്ഥാനയോഗ്യത എന്താണ്?

*ദൈവവചനത്തെക്കുറിച്ചുള്ള അറിവ്*

# മധ്യപൂർവ്വദേശത്ത് മറ്റൊരു യുദ്ധമോ?



പ്രകാശ് പി. കോശി

**ഇ**റാക്കിലും സിറിയയിലും ഐ.എസ് തകർന്നടിഞ്ഞതുമൂലം സമാധാനം ആയി എന്നാശ്വസിക്കാൻ വരട്ടെ. ഇറാക്കിലെ കൂർദ് മേഖലകളിൽ വീണ്ടും യുദ്ധത്തിന് സമാനമായ സ്ഥിതിഗതികളാണ്.

ഐ.എസിനെതിരെ ഇറാക്ക്, അമേരിക്കൻ സൈന്യത്തോട് ചേർന്ന് പൊരുതിയ കൂർദുകൾക്ക് ഇറാക്ക് സർക്കാർ പ്രതിഫലമായി കൊടുത്തത് ശക്തമായ ആക്രമണമായിരുന്നു. ഒരേ ചേരിയിൽ പൊരുതിയ ഇറാക്കിസൈന്യവും കൂർദ് സേനയും ഒരു രാത്രികൊണ്ട് ശത്രുക്കളായി. കൂർദുകൾക്ക് സ്വാതന്ത്ര്യം വേണമെന്ന ആവശ്യത്തോട് ഇറാക്ക് ഗവൺമെന്റ് നിഷേധാത്മകമായാണ് പ്രതികരിച്ചത്. കൂർദ്മേഖലയായ എണ്ണപാടങ്ങളാൽ നിറഞ്ഞ കിർക്കുക് ഇറാക്ക് സേന കൂർദുകളിൽ നിന്ന് പിടിച്ചെടുത്തു. ഐ.എസിന്റെ കിരാതഭരണകാലത്ത്, എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസം ഒരുക്കിയ കൂർദിഷ് നഗരമായ ഇർബിലും ഇറാക്കിസേന പിടിച്ചെടുക്കാൻ സാധ്യതയുണ്ട് എന്ന് കരുതുന്നു.

സുന്നി, ഷിയ, യസീദി, ക്രിസ്ത്യൻ വിഭാഗങ്ങൾ ഐക്യത്തോടെ കഴിയുന്ന ഇർബിൽ നഗരം ഇറാക്കി സൈന്യം പിടിച്ചാൽ അത് മറ്റൊരു യുദ്ധത്തിലേക്കു നയിക്കപ്പെട്ടാം.

ഐ.എസിനെതിരെ ശക്തമായ പോരാട്ടം കാഴ്ച വെച്ചവരാണ് കുർദുകളുടെ പെഷ്മെർഗാ സൈന്യം യുദ്ധസമയത്ത് ലക്ഷകണക്കിന് പേരുടെ ജീവൻ

06

## ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

**രക്ഷാധികാരി**
റവ. ജോർജ്ജ് വി. മേക്കാട്ട്
**ചെയർമാൻ**
രാജൻ ആര്യപ്പള്ളിൽ
**വൈസ് ചെയർമാൻ**
വിൽസൺ ജോർജ്ജ്
**ചീഫ് എഡിറ്റർ**
പാസ്റ്റർ സാംകുട്ടി മാത്യു
**മാനേജിംഗ് എഡിറ്റർ**
എം.വി. ഫിലിപ്പ്
**ഗൾഫ് എഡിറ്റർ**
പാസ്റ്റർ ബിജു ജോയി
**സർക്കുലേഷൻ മാനേജർ**
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
**കോർഡിനേറ്റർ**
പാസ്റ്റർ കെ. ജെ. മാത്യു
**മലബാർ കോർഡിനേറ്റർ**
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# തിരിഞ്ഞ് കൊത്തുന്ന സോളാർ വിവാദം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

കേരള രാഷ്ട്രീയത്തിൽ തുടർചലനങ്ങൾ സൃഷ്ടിച്ചു കൊണ്ട് സോളാർ വിവാദം വീണ്ടും പുകയുവാൻ തുടങ്ങി. സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും അന്വേഷിച്ച ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ആ റിപ്പോർട്ട് നിയമസഭയുടെ മേശപുറത്ത് വെയ്ക്കുന്നതിന് നവംബർ ഒമ്പതിന് പ്രത്യേക നിയമസഭാ സമ്മേളനം ചേരുകയും ചെയ്യും. കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സ്വീകരിക്കേണ്ട നടപടികളും കഴിഞ്ഞ മന്ത്രിസഭായോഗം അംഗീകരിച്ചിരുന്നു. അഡ്വക്കറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ തീരുമാനം. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസും സുപ്രീംകോടതി ജഡ്ജിയുമായിരുന്ന ജസ്റ്റിസ് അരിജിത് പസായതിൽനിന്ന് വിദഗ്ധ നിയമോപദേശം തേടാനും മന്ത്രിസഭായോഗം തീരുമാനിച്ചു. കേരളത്തിൽ സൗരോർജ്ജ ഫാമുകളും കാറ്റാടിപ്പാടങ്ങളും സ്ഥാപിക്കാമെന്നു വാഗ്ദാനം ചെയ്ത് പലരിൽ നിന്നും പണംതട്ടിയെന്ന പരാതിയുമായി ബന്ധപ്പെട്ട ഒരു സംഭവമാണ് സോളാർ തട്ടിപ്പ് എന്നറിയപ്പെടുന്നത്. നൂറോളം പേർക്ക് എഴുപതിനായിരം മുതൽ അൻപതുലക്ഷം രൂപ വരെയാണ് നഷ്ടപ്പെട്ടത്. മുൻ മുഖ്യമന്ത്രിയായ ഉമ്മൻ ചാണ്ടിയുടെ ഓഫീസ് ഇതിനായി ദുരുപയോഗം ചെയ്തു എന്ന് വാർത്തകളെ തുടർന്ന് കഴിഞ്ഞ സർക്കാർ ജസ്റ്റിസ് ജി. ശിവരാജൻ അദ്ധ്യക്ഷ്യനായ ജുഡിഷ്യൽ കമ്മീഷനെ അന്വേഷണത്തിനായി നിയോഗിച്ചത്. അതാണ് ഇപ്പോൾ വിവാദമായി മാറുന്നത്. വൈദ്യുതി പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ വളരെ വേഗം വളർന്നു കൊണ്ടിരിക്കുന്ന മേഖലയാണ് സോളാർ ഊർജ ഉപകരണങ്ങളുടേത്. ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഏകദേശം 50 ശതമാനം വരെ ആണ് സഹായ ധനം നൽകി വരുന്നത്. നിലവിൽ, ഇത്തരം ഉപകരണങ്ങൾ സർക്കാർ അനുമതിയോടെ സ്ഥാപിക്കുന്നതിന് ഏകദേശം 300 കമ്പനികൾക്ക് മാത്രം ആണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. കേരളത്തിലെ പ്രധാനപ്പെട്ട ഊർജ ഏജൻസിയായ അനെർട്ട് ഇത്തരത്തിൽ പ്രവർത്തിക്കുന്ന 25 ൽ അധികം കമ്പനികൾക്ക് അംഗീകാരം കൊടുത്തിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്തി അവരുമായി നിയമപരമായ കരാറിൽ ഏർപ്പെടുന്ന അംഗീകൃത സോളാർ ഉൽപ്പന്ന വിതരണ കമ്പനികൾ വഴി ആണ് സർക്കാർ സബ്സിഡി നൽകി വരുന്നത്. എന്നാൽ ഇത്തരത്തിൽ ഉള്ള യാതൊരു കേന്ദ്ര സർക്കാർ അംഗീകാരവും വിവാദ ടീം സോളാർ കമ്പനിക്ക് ഇല്ലയിരുന്നു. കേരളത്തിലെ ഊർജ ഏജൻസിയായ അനെർട്ടും ഇത് വരെ 'ടീം സോളാർ' കമ്പനിക്ക് അംഗീകാരം നൽകിയിട്ടില്ല. അംഗീകാരം ഇല്ലാത്ത ഈ സ്ഥാപനം കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഓഫീസ് സംവിധാനങ്ങൾ ഉപയോഗിച്ച് കമ്പനി ആളുകളെ വഞ്ചിക്കാൻ ശ്രമിച്ചു എന്നും വർത്തമാന പത്രങ്ങളും മറ്റു വാർത്താ ചാനലുകളും റിപ്പോർട്ട് ചെയ്തിരുന്നു.ഇപ്പോൾ ഉയർന്നു വന്നിരിക്കുന്ന വിവാദം സോളാർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്നാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻമുഖ്യ മന്ത്രി ഉമ്മൻചാണ്ടി അടക്കമുള്ള നേതാക്കൾക്കെതിരെ ക്രിമിനൽ, വിജിലൻസ് കേസെടുക്കുന്നതിന് തീരുമാനമായി. അതിനെ തുടർന്ന് രാഷ്ട്രീയ നേതൃത്വത്തിൽ പുകഞ്ഞ് തുടങ്ങിയ അതൃപ്തി പോലിസ് സേനയിലേക്കും നീളുകയാണ്. സോളാർ കമ്മീഷൻ റിപ്പോർട്ടിനെ സർക്കാർ രാഷ്ട്രീയ ലാഭത്തിനായി ഉപയോഗിക്കുന്നു എന്നാണ് യുഡിഎഫ് നേതാക്കൾ പറയുന്നത്. അതിനു വേണ്ടിയാണ് വേങ്ങര ഉപതിരഞ്ഞെടുപ്പ് നടന്ന ദിവസം തന്നെ അന്വേഷണം പ്രഖ്യാപിച്ചതെന്നാണ് അവരുടെ അഭിപ്രായം. റിപ്പോർട്ട് ലഭിച്ചാൽ സാധാരണ ചെയ്യാറുള്ളതുപോലെ ശുപാർശകളോ പ്രസക്തഭാഗങ്ങളോ മാധ്യമങ്ങൾക്കു നൽകാൻ ബാധ്യസ്ഥനായ മുഖ്യമന്ത്രി റിപ്പോർട്ട് ലഭിച്ചിട്ടും അത് മാധ്യമങ്ങൾക്ക് ഇതു വരെ നല്കിയിട്ടില്ല. കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് നിയോഗിക്കുന്ന കമ്മീഷൻ ടേംസ് ഓഫ് റഫറൻസ് അനുസരിച്ചാണ് പ്രവർത്തിക്കുന്നതും റിപ്പോർട്ട് നൽകുന്നതും. എന്നാൽ റിപ്പോർട്ട് അതേപടി സ്വീകരിച്ചു എന്നു പറയുകയും അതിനിമേൽ നടപടി പ്രഖ്യാപിക്കുകയും ചെയ്ത മുഖ്യമന്ത്രി ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച് കമ്മീഷന്റ കണ്ടെത്തലുകൾ കുറിച്ചു നിശബ്ദത പാലിച്ചത് അത്ഭുതകരമാണ്. ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞ കാര്യങ്ങളെപ്പറ്റി കണ്ടത്തലുകളൊന്നും പുറത്തുപറയാതെ മുഖ്യമന്ത്രി പ്രഖ്യാപിച്ച നടപടികൾ രാഷ്ട്രീയ ലക്ഷ്യത്തോടെയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

# ദൈവവചന പഠനം എങ്ങനെ?



**ബിനു ജോസഫ്**
**വടശ്ശേരിക്കര**

**വചനധ്യാനത്തെപ്പറ്റി ബൈബിൾ പറയുന്നത്–**

ദൈവജനമായ യിസ്രായേലിന് ദൈവം നൽകുന്ന ഏറ്റവും വലിയ കല്പനയാണ് ദൈവവചനത്തെ ധ്യാനിക്കുക എന്നതും തലമുറയെ പഠിപ്പിക്കുക എന്നതും.

ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം (ആവർ.6:6–7)

നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ടു, ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന അവന്റെ സകല കല്പനകളും പ്രമാണിച്ചുനടന്നാൽ നിന്റെ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സകല ജാതികൾക്കും മീതെ ഉന്നതമാക്കും (ആവർ.28:1,2)

ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു (സങ്കീർ.119:11).

നിന്റെ വചനം എന്റെ കാലിന് ദീപവും, എന്റെ പാതക്ക് പ്രകാശവും ആകുന്നു (സങ്കീർ.119:105)

ദൈവവചനം ഹൃദയത്തിൽ ധ്യാനിക്കുകയും തലമുറയെ പഠിപ്പിക്കുകയും വേണം എന്നത് ഒരു ദൈവീക കല്പനയാണ്. ദൈവവചനം ശ്രദ്ധയോടെ കേട്ട് അനുസരിക്കുന്നവർക്കുള്ള അനുഗ്രഹങ്ങളും ആവർത്തനപുസ്തകം 28–ൽ ദർശിക്കാം.

119–ാം സങ്കീർത്തനം ദൈവവചനത്തെപ്പറ്റി മാത്രം വിവരിക്കുന്നതാണ്. ദൈവവചനത്തെ 48 തരത്തിൽ വർണ്ണിക്കുന്നു.

* കാലിനു ദീപം – വാക്യം–105
* പാതയ്ക്ക് പ്രകാശം– വാക്യം –105
* സത്യത്തിന്റെ വചനം – വാക്യം–43
* ആശ്വാസദായകം – വാക്യം –52
* ആശ്രയസ്ഥാനം –വാക്യം–42
* ബുദ്ധികേന്ദ്രം – വാക്യം–98
* പ്രത്യാശ നൽകുന്നത് – വാക്യം–147
* തേനിനേക്കാൾ നല്ലത് – വാക്യം–103

ഇങ്ങനെ വ്യത്യസ്തമായ വർണ്ണനകൾ ഇവിടെ കാണാം. ദൈവവചനത്തെ ആഴമായി അറിയുകയും അതിനെ ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്താൽ ദൈവവചനം ജീവിതത്തിലെ ആശ്വാസവും പ്രത്യാശയും അഭയവും ആയിത്തീരും. വചനത്തിൽ എത്രത്തോളം ആഴത്തിൽ വിശ്വാസം അർപ്പിക്കുന്നുവോ അത്രത്തോളം നാം അനുഗ്രഹം പ്രാപിക്കും. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്നതാണ് യാഥാർത്ഥ്യം. ദൈവത്തിന്റെ അത്ഭുതങ്ങളെ കാണുകയെന്നാൽ വചനം വിശ്വസിക്കുക എന്നർത്ഥം.

**വചനം നമ്മുടെ ജീവിതത്തിൽ**

ദൈവവചനം എങ്ങനെ ജീവിതത്തിൽ അനുഭവവേദ്യമാക്കാം? എന്നത് പലരും ചോദിക്കുന്ന ഒന്നാണ്. ജീവിതത്തിന്റെ ഏത് അവസ്ഥയിലും ദൈവവചനത്തിന് നമ്മെ സഹായിക്കുവാൻ കഴിയും. അതിനുദാഹരണമാണ് യുവാവായ നിക്ക് വുജിസിക്കി (Nick Vujicic) ന്റെ ജീവിതം ആസ്ത്രേലിയായിലെ മെൽബോമേ (Melboume) യിൽ 1982–ലാണ് നിക്ക് ജനിച്ചത്. ജന്മനാ തന്നെ നിക്കിന് രണ്ടു കാലും കൈകളും ഇല്ലായിരുന്നു. വൈദ്യശാസ്ത്രത്തിന് ഉത്തരമില്ലാതെ തലയും ഉടലുമായി ഒരു മാംസപിണ്ഡംപോലെ അവൻ ജീവിച്ചു. മാതാവിന്റെ നിരന്തരശ്രമംമൂലം സ്കൂളിൽ പഠിക്കുവാൻ അവസരം ലഭിച്ചു. തന്നെ കണ്ടവർക്കെല്ലാം താൻ ഒരു കാഴ്ചവസ്തുവായി. അവർ ചോദിച്ചു. ദൈവം സ്നേഹിക്കുന്നവനെങ്കിൽ പിന്നെ എങ്ങനെ ഈ ജീവിതം? നിരാശയുടെ പടവുകളിലൂടെ യാത്ര ചെയ്ത നിക്കിന്റെ ജീവിതത്തെ മാറ്റിമറിച്ചത് യോഹന്നാന്റെ സുവിശേഷത്തിലെ ഒരു വചനമാണ്. കുരുടനായി പിറന്നവനെപ്പറ്റി യേശു പറഞ്ഞ മറുപടി. ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രെ (So that the works of God may be revealed through Him) (യോഹ.9:4). എന്ന വചനമാണ് നിക്കിനെ ശക്തീകരിച്ചത്. 15–ാം വയസ്സിൽ യേശുവിനായി ജീവിതം സമർപ്പിച്ച നിക്ക് ഇപ്പോൾ തന്റെ ഡിഗ്രി പൂർത്തിയാക്കി. അനേകരെ യേശുവിങ്കലേക്ക് നയിക്കുന്ന ഒരു യുവസുവിശേഷകനും പ്രചോദകനും ആണ്.




ബ്രയിലി എന്ന മനുഷ്യന്റെ ജീവിതവും വ്യത്യസ്തമായിരുന്നില്ല. ചെറുപ്രായത്തിൽ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട് നിരാശനായി ഒരിക്കൽ ഒരു പ്രാർത്ഥനയിൽ സംബന്ധിക്കുമ്പോൾ അന്നത്തെ സുവിശേഷ പ്രസംഗകൻ വിളിച്ചു പറഞ്ഞു: ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലതും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു (റോമ. 8:28). ആ വചനം ബ്രെയിലിയുടെ കാതുകളിൽ മുഴങ്ങി. തന്റെ ജീവിതത്തിലെ അന്ധതയും നന്മയ്ക്കായി കൂടി വ്യാപരിക്കുമെന്നോ? പിന്നെ സംശയിച്ചില്ല ആ വചനത്തിൽ ഉറച്ച് വിശ്വസിച്ച് യാത്ര ആരംഭിച്ചു. അങ്ങനെ അന്ധന്മാർക്കുവേണ്ടിയുള്ള ലിപി (ബ്രെയിലി) കണ്ടുപിടിക്കുവാൻ കാരണമായി.

ഇതുപോലെ എത്രയോ അനുഭവങ്ങൾ... ദൈവവചനം വരുത്തിയ രൂപാന്തരം അനുഭവിച്ചവർ അനേകരാണ്. ദൈവവചനത്തിൽ
വിശ്വസിച്ചു, രോഗം ഭേദമായി
ആശ്രയിച്ചു, പ്രതീക്ഷ ലഭിച്ചു
തീരുമാനിച്ചു, അത് സാദ്ധ്യമായി
മദ്യപാനം നിർത്തി, കടഭാരം മാറി, ദൈവം വഴിയെ തുറന്നു, വിജയം നൽകി, ഇങ്ങനെ ദൈവവചനത്തിന്റെ ശക്തി അറിഞ്ഞവർ ധാരാളം. വ്യക്തിപരമായി നിങ്ങൾക്കും അത് സാദ്ധ്യമാണ്

ദൈവത്താൽ അസാദ്ധ്യമായത് ഒന്നുമില്ല. **(തുടരും....)**

# ഇവാഞ്ചലിസം ബോർഡ്

**പുനലൂർ:** ഐ.പി.സി. പുനലൂർ സെന്റർ ഇവാഞ്ചലിസം ബോർഡിന്റെയും സോദരിസമാജത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അയിലറ, അണ്ടത്തൂർ, ഈച്ചംകുഴി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സുവിശേഷ പ്രവർത്തനം നടന്നു. കർത്തൃദാസന്മാരായ ബിജു റ്റി. ഫിലിപ്പ്, റോയി ജോൺ, ഷാജി സോളമൻ, പി. എസ്. ചെറിയാൻ എന്നിവർ നേതൃത്വം നൽകി.

# ഇടയ ലേഖനങ്ങൾ
# (The Pastoral Epistles)

## വേദപഠനം

തിമൊഥെയൊസ്

– തുടർച്ച –



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ഉപദേശങ്ങൾ കേൾക്കുമ്പോൾ ഉറവിടം ശ്രദ്ധിക്കേണം, അതിന്റെ ഫലമായ ദൈവസഭയും ദൈവ ഭക്തിയും തിരിച്ചറിയണം, അവരുടെ സ്വഭാവവും മനസ്സിലാക്കണം. നിസ്സാരകാര്യങ്ങൾക്കുപോലും വഴക്കടിക്കുക എന്നത് ഇവരുടെ ലക്ഷണങ്ങളാണ്. മാത്രമല്ല, അസഹിഷ്ണതയും അക്ഷമയും അസൂയയും തർക്കങ്ങളും വെറുതെ പ്രശ്നങ്ങളും കലഹങ്ങളും ഉണ്ടാക്കുക ഇവരുടെ തൊഴിൽ.

ദുരുപദേശങ്ങളെയും ദുരുപദേഷ്ടാക്കളെക്കുറിച്ച് പൗലോസ് വ്യക്തമായി പറഞ്ഞതിനുശേഷം തിമൊഥെയൊസിന്റെ മുന്നിൽ അവതരിപ്പിക്കുന്ന മറ്റൊരു പ്രധാനവിഷയമാണ് ദൈവഭക്തിയെ ആദായസൂത്രമാക്കിക്കൊണ്ട് ദൈവജനത്തെ വഴിതെറ്റിക്കുന്നവരെക്കുറിച്ച്. ഭക്തിയുടെ വേഷത്തിൽ പലരെയും വഞ്ചിക്കുന്ന കൂട്ടരെക്കുറിച്ച്. പൗലോസിന് ഈ വിഷയത്തെക്കുറിച്ച് വ്യക്തമായി അറിയാം കാരണം വിശുദ്ധ ബൈബിളിൽ ദൈവഭക്തിയെ ആദായസൂത്രമാക്കിയ ബെയോരിന്റെ മകനായ ബിലെയാമിനെക്കുറിച്ചും 2 പത്രോ.2:15, പത്രോസിന്റെ ശുശ്രൂഷ കണ്ട് ആ കൃപാവരം വിലയ്ക്കും വാങ്ങാൻ ശ്രമിച്ച ശീമോന്റെയും കാര്യങ്ങൾ അ.പ്ര.8:18-23. ഇതെല്ലാം മനസ്സിൽ സംഗ്രഹിച്ചുകൊണ്ടാണ് പൗലോസ് പറഞ്ഞത്, ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല. അ.പ്രവ.20:33, ഭക്തി പലവിധത്തിലുണ്ട് ദേശഭക്തി, രാജ്യഭക്തി, കപടഭക്തി, ദൈവഭക്തി., ഇവർ ദൈവഭക്തിയെ ആദായം ഉണ്ടാക്കുവാനുള്ള ഒരു സൂത്രമായി കാണുകയാണ്. ദൈവനിയോഗപ്രകാരം ചെയ്യുന്ന ഒരു ശുശ്രൂഷ എന്നതിനേക്കാൾ ഉപജിവന മാർഗ്ഗമായി ദൈവഭക്തിയുടെ പേരിൽ നടക്കുന്ന തട്ടിപ്പുകളും വഞ്ചനകളും കപടങ്ങളും ധാരാളം മാധ്യമങ്ങളിലൂടെ കടന്നുവരുകയും ജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കുകയും ചെയ്യുന്നു. ദൈവഭക്തിയുടെ പേരിൽ വിദേശരാജ്യങ്ങളിൽപോയി പണം സമ്പാദിച്ചു മോടിയായും പ്രൗഢിയായും ജീവിക്കുന്ന എത്രയോ ശുശ്രൂഷകന്മാർ നമ്മുടെ ചുറ്റുമുണ്ട്. മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ പരിചരിക്കുവാൻ എന്നു പറഞ്ഞു എത്രമാത്രം പണമാണ് അവർ കൈപ്പറ്റുന്നത്. ഇതെല്ലാം സ്വന്തം കീശ വീർപ്പിക്കുകയാണ് അവരുടെ ലക്ഷ്യം. ഒരിക്കലും പണത്തിനുവേണ്ടിയും സ്ഥാമാനങ്ങൾക്കുവേണ്ടിയും ദൈവഭക്തി ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഇത്തരം ശുശ്രൂഷകളും പ്രവർത്തനങ്ങളും ദൈവനാമത്തിനു അപമാനമാണ്. പലരും തങ്ങളുടെ ലക്ഷ്യം നേടുവാൻവേണ്ടി എന്തു ചെയ്യുവാൻ തയ്യാറാണ് എന്നാൽ ദൈവമക്കൾ ഒരിക്കലും അപ്രകാരം ചെയ്യുവാൻ പാടുള്ളതല്ലാ. താത്ക്കാലിക സുഖങ്ങളെക്കാളും സൗകര്യങ്ങളെക്കാളും നിത്യമായ പ്രതിഫലവും സന്തോഷവും ഒരിക്കലും നഷ്ടപ്പെടുത്തരുത്.

സംതൃപ്തിയോടുകൂടിയ ദൈവഭക്തി

അപ്പൊസ്തലനായ പൗലോസ് തിമോഥെയൊസിനു ലേഖനം എഴുതിയപ്പോൾ സൂചിപ്പിച്ച ഒരു വേദഭാഗമാണ് "എന്നാൽ സംതൃപ്തിയോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു", 1 തിമോ. 6:6. ദൈവത്തിന്റെ സൃഷ്ടികളിൽ ഭയങ്കരവും അതിശയവുമായ സൃഷ്ടിയായ മനുഷ്യൻ ഒരിക്കലും ദൈവം കൊടുത്ത സൗന്ദര്യത്തിലോ, ആയുസ്സിലോ, അവസരത്തിലോ, പണത്തിലോ, പദവിയിലോ ഒന്നിലും സംതൃപ്തിപ്പെടാറില്ല. എന്നാൽ പൗലോസ് പറയുന്നത് സംതൃപ്തിയോടുകൂടിയ ദൈവഭക്തി വലുതാണ്, അപ്പോൾ സംതൃപ്തി നൽകുന്നത് പണമോ മറ്റു ലൗകിക കാര്യങ്ങളോ സുഖങ്ങളോ അല്ല. മനുഷ്യനു എത്ര കിട്ടിയാലും എത്ര ഉണ്ടാക്കിയാലും സൗകര്യങ്ങൾ ഉണ്ടെങ്കിലും അതിൽ തൃപ്തിപ്പെടുകയില്ല. കർത്താവ് ഭൂമിയിലായിരുന്നപ്പോൾ ഭോഷനായ ധനികന്റെ ഉപമ പറഞ്ഞു. പ്രസ്തുത ഉപമയിൽ യേശു ചൂണ്ടിക്കാണിച്ചത്, ഭോഷാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിച്ചാൽ പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും...ലൂക്കോ. 12:13-21, തുടർന്നു യേശുക്രിസ്തു നൽകുന്ന സാരം ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുവേണ്ടി തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു. സംതൃപ്തിയെക്കുറിച്ച് മലയാള മനോരമ ആഴ്ചപ്പതിപ്പിൽ 2016 ജൂലൈ മാസം 10-ാം തീയതികളിൽ വന്നത് ഇവിടെ കുറിക്കുന്നു. ഓരോ വ്യക്തിയും ബാഹ്യമായും ആന്തരികമായും വളർത്തിയെടുക്കേണ്ടതായ ഉത്തമ സുകൃതമാണ് സംതൃപ്തി (Satisfaction). സംതൃപ്തിയുള്ളവർ ഒരിക്കലും പരിമിതികളെപ്പറ്റി പരാതിപ്പെടുകയില്ല, അവരുടെ ജീവിതം പ്രസാദാത്മകമായിരിക്കും. അങ്ങനെ ദൈവമക്കൾ നിരന്തരം ദൈവത്തിനുസ്തോത്രം പറഞ്ഞുകൊണ്ടിരിക്കുന്നവരായിരിക്കും. അവരിൽ ഭരിക്കുന്ന ചിന്ത അവർ ദൈവത്തിന്റെ കാര്യവിചാരകന്മാരെന്നാണ്. ബെഞ്ചമിൻ ഫ്രാങ്ക്ളിൻ നിർവ്വചിച്ചിരിക്കുന്നത്, സംതൃപ്തി ഒരു ദരിദ്രനെ സമ്പന്നനാക്കി മാറ്റുന്നു. എന്നാൽ അസംതൃപ്തൻ ദരിദ്രന്റെ അവസ്ഥയിലുമാണ്. പുരാണകഥയിൽ ഒരു ഉപാസകനെപ്പറ്റി പറയുന്നു, അയാൾ മഹാവിഷ്ണുവിനെ പ്രസാദിപ്പിക്കുവാൻ തപസനുഷ്ഠിച്ചു, ഒടുവിൽ വിഷ്ണു നേരിട്ട് പ്രത്യക്ഷനായി അവനോടു പറഞ്ഞു, "ഞാൻ നിന്റെ മൂന്നു അപേക്ഷകൾ സാധിച്ചുതരാം, അവ എന്തെന്ന് ചിന്തിച്ചു ചോദിച്ചുകൊൾക. അയാൾ അധികമൊന്നും ചിന്തിക്കാതെ പെട്ടെന്ന് ഒരുഅപേക്ഷ സമർപ്പിച്ചു, എന്റെ ഭാര്യ ഉടനെ മരിക്കണം, അങ്ങനെ സംഭവിച്ചാൽ കുറെക്കൂടെ നല്ല മറ്റൊരാളെ വിവാഹം ചെയ്യാമല്ലോ. അയാളുടെ ആഗ്രഹം ഉടനെ സാധിച്ചു കൊടുത്തു. മരിച്ച ആളിനെ സംസ്ക്കരിക്കാൻ അയാളുടെ ചാർച്ചക്കാരും ബന്ധുക്കളും സ്നേഹിതരും എല്ലാം വന്നുചേർന്നു. അവരെല്ലാം മരിച്ചുപോയ പ്രിയപ്പെട്ടവരുടെ ഗുണഗണങ്ങളും അപദാനങ്ങളും വർണിക്കാൻ തുടങ്ങി. അവളുടെ സൗമ്യത, ശാലീനത, ലാളിത്യം ഇങ്ങനെ ഓരോന്നു പ്രകീർത്തിക്കപ്പെട്ടു. ചരമപ്രസംഗങ്ങളിൽ ഇത്തരം വർണ്ണനകൾ ധാരാളം ഉണ്ടാകാറുണ്ട്. ഭാര്യയെപ്പറ്റിയുള്ള അപദാനങ്ങൾ കേട്ടപ്പോൾ അയാൾക്കു ജാള്യത അനുഭവപ്പെട്ടു. അയാൾ വിഷ്ണുവിനോട് അപേക്ഷിച്ച്, തന്റെ ഭാര്യയ്ക്ക് ജീവൻ നൽകി തിരികെ തരണമെന്ന്, അപേക്ഷ ഭഗവാൻ സ്വീകരിച്ച് അവൾക്കു ജീവൻ നൽകി അവനെ ഏൽപ്പിച്ചു. അപ്പോൾ രണ്ട് അപേക്ഷകളും അവയ്ക്ക് ഉത്തരവും നൽകി. ഇനിയും! ഒരു അപേക്ഷ കൂടെ നടത്താൻ മാത്രം അവസരമുണ്ട്, അത് എന്തായിരിക്കണെന്നുള്ളതായിരുന്നു അയാളുടെ മുന്നിലെ പ്രശ്നം. മുമ്പിലത്തെപ്പോലെ അധികമായി ഒന്നും ചിന്തിക്കാതെ അപേക്ഷ സമർപ്പിച്ചാൽ അത് അബദ്ധമായിപ്പോകും. സ്വയമായി ഉത്തരം നൽകി അബദ്ധത്തിൽ ചാടരുതെന്നു കരുതി അതിവന്ദ്യരും സമുന്നതരുമായ പല വ്യക്തികളോടും ചോദിച്ചു. പല തരത്തിലുള്ള നിർദ്ദേശങ്ങളാണ് അവരിൽ നിന്നുണ്ടായത്. ചിലർ ഉപദേശിച്ചു, അമർത്യത (മരണമില്ലായ്മ) അപേക്ഷിക്കാൻ, മറ്റു ചിലരുടെ അഭിപ്രായത്തിൽ നല്ല ആരോഗ്യമില്ലാതെ അമർത്യതയ്ക്കു എന്തു പ്രസക്തി? പണമില്ലാത്ത ആരോഗ്യം കൊണ്ട് എന്ത് പ്രയോജനമെന്നായി ചിലർ. പണം ഉണ്ടായാലും ഉത്തമസൗഹൃദം കൂടാതെ ധനത്തിനന്തു പ്രസക്തി? ഇങ്ങനെ വ്യത്യസ്തങ്ങളായ നിർദ്ദേശങ്ങളാണ് പലരിൽ നിന്നും ഉണ്ടായത്, ദിവസങ്ങളും മാസങ്ങളും വർഷവും ഒക്കെ കടന്നുപോയി എങ്കിലും എന്തു ചോദിക്കണമെന്നുള്ള കാര്യത്തിന് ഒരു വ്യക്തത ഉണ്ടായില്ല, അയാളുടെ നിസ്സഹായവസ്ഥ വെളിപ്പെടുത്തിക്കൊണ്ട് അയാൾ അപേക്ഷിച്ച് "ഞാൻ എന്താ ണ് അപേക്ഷിക്കേണ്ടതെന്ന് എനിക്കു വെളിപ്പെടുത്തിത്തരേണമേ".

(തുടരും...)

---

## ലേഖനം

# 'ഫാസിസം' സഭയിലും? – ഒരു വിശകലനം



ആഷേർ മാത്യു,
റിയാദ്

നമ്മുടെ രാജ്യം ഫാസിസ്റ്റ് ചിന്താഗതിയിലേക്ക് പോകുന്നു എന്ന വാദം അടുത്തകാലത്തായി ശക്തമാണ്. വർഗ്ഗീയമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന രാഷ്ട്രീയ - സാമുദായിക ശക്തികളുടെ അതിപ്രസരം കൊണ്ടാണ് ഈ ആക്ഷേപങ്ങളും വിമർശനങ്ങളും ഉയരുന്നത്.

എന്നാൽ അറിഞ്ഞോ അറിയാതെയോ ഫാസിസ്റ്റ് നിലപാടുകൾക്ക് സമാനമായ ചിന്താഗതികൾ ക്രൈസ്തവ സമൂഹത്തിലും പടർന്നു പിടിക്കുന്നു എന്ന സത്യം നമ്മൾ അറിയാതെ പോകരുത്.

എന്താണ് ഫാസിസം?

പ്രാമാണിത്ത ദേശീയവാദത്തിൽ അധിഷ്ഠിതമായ ഒരു തീവ്രരാഷ്ട്രീയവാദമാണ് ഫാസിസം . ഫാസിസ്റ്റുകൾ ഒരു രാജ്യത്തിന്റെ ഭരണസംവിധാനത്തെയും സാമ്പത്തികസംവിധാനത്തെയും ഉൾപ്പെടെ രാഷ്ട്രത്തെ മൊത്തത്തിൽ തങ്ങളുടെ വീക്ഷണത്തിനും മൂല്യങ്ങൾക്കും രീതികൾക്കും അനുസൃതമായി ഉടച്ചുവാർക്കാൻ ലക്ഷ്യമിടുന്നു.

ഈ ലക്ഷ്യം നേടുന്നതിനായി കൈക്കരുത്തും, ആയുധബലങ്ങളും ഉപയോഗിക്കുന്നു.

ഇവയിൽ നിന്നൊക്കെ വിഭിന്നമായി 'സ്നേഹം, ക്ഷമ' തുടങ്ങിയവ മുഖമുദ്രയാക്കിയിരിക്കുന്ന ക്രൈസ്തവ സഭകളിലും ഫാസിസത്തിന്റെ വേരുകൾ പടർന്നു കയറുന്നത് ആശങ്കാജനകമാണ്.

ഭീതിപ്പെടുത്തുന്ന ആനുകാലിക സംഭവങ്ങൾ

--------------------

ഏതാനും മാസങ്ങൾക്ക് മുമ്പാണ് പഞ്ചാബിൽ സുൽത്താൻ മസി എന്ന ദൈവദാസൻ സുവിശേഷവിരോധികളാൽ രക്തസാക്ഷിയായി മാറിയത്. എന്നാൽ അതിനെത്തുടർന്ന് വിശ്വാസികൾ തെരുവിലിറങ്ങുകയും വാഹനങ്ങൾ തല്ലിത്തകർക്കുകയും മറ്റും ചെയ്യുകയുണ്ടായി.

ഈ പ്രവർത്തികൾ ക്രിസ്തു ശിഷ്യന്മാർക്ക് ചേർന്നതാണോ?

എന്നു മുതലാണ് ആക്രമോത്സുകരായി ജനം തെരുവിലിറങ്ങിത്തുടങ്ങിയത്.

അതെ, ഫാസിസം സഭയെ കാർന്നുതിന്നുവാൻ തുടങ്ങിയിരിക്കുന്നു.

ക്രിസ്തുവിന്റെ ഭാവം, ദൈവസ്നേഹം തുടങ്ങിയ വിഷയങ്ങളെപ്പറ്റി മണിക്കൂറുകൾ പ്രസംഗിക്കുന്നവരാണ് പഞ്ചാബിനെ സന്ദർശിച്ച് ന്യായം വിധിക്കണമേ എന്ന് പ്രാർത്ഥിക്കുന്നത്.

സമാനമായ മനോഭാവമാണ് വർഷങ്ങൾക്ക് മുമ്പ് ഒറീസ്സയിലെ വിഷയത്തിലും സംഭവിച്ചത്.

'ഗ്രഹാം സ്റ്റയ്ൻസിനെയും 3 മക്കളെയും കൊന്നതിന് പകരം 25000 പേരെ ഒറീസയിൽ കൊന്നു തള്ളിയവൻ ആണ് എന്റെ ദൈവം.അതുകൊണ്ട് ഭയപ്പെടുന്നത് നല്ലതാ' എന്ന് പ്രസംഗവേദിയിൽ പ്രസംഗിക്കുന്നവർ വർദ്ധിക്കുന്നു.

ശത്രുവിനോട് ക്ഷമിക്കാൻ ആവശ്യപ്പെട്ട ക്രിസ്തുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിച്ച ഒരാളുടെ ചിന്താഗതി ആയിരിക്കുമോ ഇത്? അതോ പ്രതികാര ദാഹിയായ ഒരു മനുഷ്യന്റെ വർഗീയ വിഷം നിറഞ്ഞ ആഗ്രഹമോ?

മനുഷ്യരെ സമാധാനത്തിലേക്കും നിത്യ ജീവനിലേക്കും നയിക്കുവാൻ സ്വന്ത പുത്രനെ നമുക്ക് നല്കിയവനാണ് സ്നേഹ നിധിയായ ദൈവം. എന്നാൽ ദൈവമെന്ന പേരിൽ ഇന്ന് പലരും വരച്ചു കാട്ടുന്നത് കൊലവെറി പിടിച്ച ഒരു കിരാത മൂർത്തിയെയാണ്.

ലൂക്കോസ് ഒമ്പതാം അദ്ധ്യായത്തിൽ ശിഷ്യന്മാർ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. "കർത്താവേ, ഏലിയാവ് ചെയ്തതുപോലെ ആകാശത്ത് നിന്ന് തീ ഇറങ്ങി അവരെ നശിപ്പിക്കുവാൻ ഞങ്ങൾ പറയുന്നത് നിനക്ക് സമ്മതമോ?'

യേശുവിന്റെ മറുപടി ശ്രദ്ധേയമാണ്.

'അവൻ അവരെ തിരിഞ്ഞ് ശാസിച്ചു: നിങ്ങൾ ഏത് ആത്മാവിന് അധീനർ എന്ന് നിങ്ങൾ അറിയുന്നില്ല: മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിക്കാനല്ല രക്ഷിപ്പാനത്രെ വന്നത് എന്ന് പറഞ്ഞു'.

ക്രിസ്തീയ സഭക്കെതിരായി പ്രവർത്തിക്കുന്നവര നശിപ്പിച്ചു കളയേണമേ എന്ന പ്രാർത്ഥന തന്നെ, ഫാസിസ്റ്റ് ചിന്താഗതികൾക്ക് തുല്യമാണ്.

നിനവേയിലെ ജനങ്ങളോട് ദൈവത്തിനു കരുണ തോന്നി.എന്നാൽ യോനായ്ക്ക് അത് ഇഷ്ടപ്പെട്ടില്ല.എന്താ കാര്യം? യോനായുടെ പ്രവചനം തെറ്റി.അതാണ് കാര്യം. യോനായുടെ ജീവിതത്തിലെവിടെയാണ് ദൈവസ്നേഹം?? എവിടെയാണ് ക്രൈസ്തവ മൂല്യങ്ങൾ??

സഭകളുടെ സംരക്ഷണത്തിനും, അവകാശങ്ങൾ നേടിയെടുക്കാനുമായി പല സംഘടകൾ ഇന്ന് രംഗത്തുണ്ട്. നല്ലത് തന്നെ. പക്ഷെ, വാശിയോടും സംഘടിത ബലത്തോടും, പ്രതികാരബുദ്ധിയോടും മുന്നോട് പോകുമ്പോൾ യേശു ശിഷ്യന്മാരോട് പറഞ്ഞ വാക്കുകളാണ് ഓർമ്മ വരേണ്ടത്. 'നിങ്ങൾ ഏത് ആത്മാവിന് അധീനർ എന്ന് നിങ്ങൾ അറിയുന്നില്ല'.

പഞ്ചാബിനെയും ഒറീസ്സയേയും നശിപ്പിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുമ്പോൾ ഓർക്കുക, ഫാസിസം നമ്മെ കീഴടക്കിയിരിക്കുന്നു. നമ്മുക്ക് മടങ്ങിവരാം. ദൈവസ്നേഹത്താൽ നിറയാം. മറ്റുള്ളവരുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

---

# ഡിസ്ട്രിക്ട് കൺവൻഷൻ

**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കോട്ടയം ഈസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ നവംബർ 30 മുതൽ ഡിസംബർ മൂന്നു വരെ അഞ്ചേരി കൈതേപ്പാലം ജംഗ്ഷനു സമീപം നടക്കും. ദിവസവും വൈകിട്ട് 5.30 മുതൽ 9 വരെയാണു കൺവൻഷൻ. ഡിസ്ട്രിക്ട് പാസ്റ്റർ വി.പി.തോമസ് ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർമാരായ റെജി ശാസ്താംകോട്ട, ബി.മോനച്ചൻ, അജി ആന്റണി എന്നിവർ വചനപ്രഭാഷണം നടത്തും. ഡിസംബർ 3-ന് രാവിലെ 9.30 മുതൽ 12.30 വരെ സംയുക്ത ആരാധന നടക്കും. മാങ്ങാനം ബേർശേബാ വോയ്സ് ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും. പബ്ലിസിറ്റി കൺവീനർമാരായി പാസ്റ്റർ വൈ. മോനി, പാസ്റ്റർ ഏബ്രഹാം സ്കറിയ എന്നിവർ പ്രവർത്തിക്കുന്നു.

ലേഖനം

# ജാതി ജാതിയോട് എതിർക്കുന്നു



ഷൈജു തോമസ്, ഞാറയ്ക്കൽ
9447313709, 7561800305

ഇന്ന് നമ്മുടെ സമൂഹത്തിൽ എവിടെയും വർഗ്ഗീയ ധ്രുവീകരണത്തിന്റെ അലയൊലികൾ ഉയർന്നുവരുന്നതാണ് കാണുന്നത്. ഒരു കാലത്ത് ഭാരതത്തിലെ ജനവിഭാഗങ്ങൾക്ക് അന്യമായിരുന്നതൊക്കെ ഇന്ന് അതി ശക്തിയോടെ സമൂഹത്തിൽ വേരുറപ്പിക്കുന്നു. വിശ്വാസപരമായ കാര്യങ്ങളെ സ്വാംശികരിച്ച് രാഷ്ട്രീയമായി ഉപയോഗിക്കുന്ന ഹീനമായ രീതികൾ നമ്മുടെ ഇടയിൽ ആവിർഭവിച്ച് കഴിഞ്ഞു. സമീപ കാല ഇൻഡ്യയുടെ ചരിത്രം പരിശോധിച്ചാൽ അന്യമതവിദ്വേഷം വളർത്താൻ കള്ളപ്രചാരണങ്ങൾ അഴിച്ചുവിടുന്നതിന്റേതു കൂടിയാണ്. പരസ്പരം സ്നേഹിച്ചിരുന്ന ജനങ്ങളെ ശത്രുക്കളായി പ്രഖ്യാപിച്ച് അവരെ വേട്ടയാടുന്നതാണ് ഇവരുടെ കുടിലതന്ത്രം. ഇന്ത്യയിൽ അഞ്ച് എമ്മുകൾ ശത്രുക്കളായുണ്ടെന്നാണ് ഇവരുടെ പ്രഖ്യാപനം മുസ്ളിം, മിഷണറിമാർ, മെറ്റീരിയലിസ്റ്റുകൾ, മെക്കാളെയിസ്റ്റുകൾ, മാർക്സിസ്റ്റുകൾ ഇത്രയുമാണ് അഞ്ച്'എമ്മുകൾ. ഈ അഞ്ച് മേഖലകളിലും ആക്രമണങ്ങളും കൊലപാതക പരമ്പരകളും നടത്തിക്കൊണ്ടാണ് ജാതി ജാതിയോട് എതിർക്കുന്ന വർഗീയ ഫാസിസം ഇന്ത്യയിൽ അഴിഞ്ഞാടുന്നത്. ബീഫ് വിവാദത്തിൽ തുടങ്ങി ശാസ്ത്ര, യുക്തി ചിന്തകൾ, സുവിശേഷ പ്രവർത്തകർ തുടങ്ങി അത് പ്രചരിപ്പിക്കുന്നവരെ വരെ വെടിവച്ചുകൊല്ലുന്ന രീതിയിലേക്ക് വളർന്നു കഴിഞ്ഞു. ഇങ്ങനെ രാജ്യത്തിനകത്ത് ആഭ്യന്തര ശത്രുക്കളെ ഒരു വിഭാഗം പ്രഖ്യാപിച്ചുകൊണ്ട് നടത്തുന്ന കടന്നാക്രമണങ്ങൾ വരാൻ പോകുന്ന നമ്മുടെ നാളുകൾ അശാന്തിയുടേതായിരിക്കുമെന്ന് പ്രഖ്യാപിക്കുകയാണ്. സത്യത്തെയും യാഥാർഥ്യത്തെയും മറക്കുന്ന നിറം പിടിപ്പിച്ച നുണകൾ പ്രചരിപ്പിച്ച് അതിനെ വിശ്വസിപ്പിക്കുക എന്ന ഗീബൽസിയൻ തന്ത്രമാണ് ഇതിനായി ഉപയോഗിക്കുന്നത്. ജനങ്ങൾ മന്ദബുദ്ധികളാണെന്നും ഒരു നുണ പല നാവുകളിലൂടെ ആവർത്തിച്ചാൽ ജനങ്ങൾ അത് സത്യമാണെന്ന് വിശ്വസിച്ചുകൊള്ളുമെന്നും ഹിറ്റ്ലർ പറഞ്ഞിട്ടുണ്ട്. അത് നടപ്പാക്കുകയായിരുന്നു ഗീബൽസ്. സത്യത്തിന്റെ പിൻബലമില്ലാത്ത പാഴ് വാക്കുകകളാണ് അവ.

വൈദേശിക മതങ്ങൾ എല്ലാം ഇൻഡ്യയിൽ എത്തിച്ചേർന്നത് ആക്രമണ പരമ്പരകളിലൂടെയല്ല, മറിച്ച് വാണിജ്യ പരമായ ആവശ്യങ്ങൾക്കായും മതപ്രചാരണങ്ങൾക്കായും ഇവിടെ എത്തിച്ചേർന്നവരിൽ നിന്നും ആ മതവിശ്വാസത്തെ തദ്ദേശിയർ സ്വീകരിക്കുകയാണ് ചെയ്തത് എന്നതാണ് ചരിത്രം. ജനമനസ്സിൽ വർഗ്ഗീയതയുടെ അസുരവിത്തിനെ വിതച്ച് ഇങ്ങനെയുള്ളരുടെ മേലാണ് അവസാനിക്കാത്ത ആക്രമണ പരമ്പരകൾ അഴിച്ചു വിടുന്നത്. മതരാഷ്ട്രീയവാദം ഉയർത്തി ഇന്ത്യയെ നെടുകെയും കുറുകെയും കീറിമുറിക്കാൻ ശ്രമിക്കുന്ന വർഗീയഭ്രാന്തന്മാരെ സൃഷ്ടിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. പ്രൗഢമായ ഇന്ത്യൻ ചരിത്രം നോക്കിയാൽ ഇന്ത്യയിൽ മതവൈരത്തിന്റെ പേരിൽ ജനങ്ങൾ പരസ്പരം കൊന്നൊടുക്കിയതായി ചരിത്രകാരന്മാരാരും രേഖപ്പെടുത്തിയിട്ടില്ല. പക്ഷേ, ഇന്നതല്ല സ്ഥിതി. ജനങ്ങളെ ഭക്തിയുടെ പേരിൽ സംഘടിപ്പിച്ച് അന്യമതവിദ്വേഷം കുത്തിവയ്ക്കുകയാണ്. ഫ്യൂഡൽ മുതലാളിത്ത താൽപ്പര്യങ്ങളുടെയും ജാതി മത താൽപ്പര്യങ്ങളുടെയും സംരക്ഷകരായി ചിലർ മാറിക്കഴിഞ്ഞു. മാത്രമല്ല, ഇൻഡ്യയിലെ പലഭാഗങ്ങളും ഇത്തരം സാമുദായിക മൂലധന ശക്തികളുടെയും സംഘടനകളുടെയും കൈപ്പിടിയിലാണ്. വാസ്തവത്തിൽ ഇവർ ആരുടെ താൽപ്പര്യമാണ് സംരക്ഷിക്കുന്നത്? നമ്മൾ 'ഭാരതീയർ, നമുക്ക് ജാതിഭേദമോ മതദ്വേഷങ്ങളോ ഇല്ല എന്ന മഹത്തായ വീക്ഷണമാണ് ഒരിക്കൽ ഇന്ത്യയാകെ മുഴങ്ങിനിന്നത്. യുക്തിസഹമായി കാര്യങ്ങൾ ബോധ്യപ്പെടുത്തിയാലേ ഫാസിസത്തിനുപിന്നാലെ പോകുന്ന ജനതയെ തിരിച്ചുകൊണ്ടുവരാൻ കഴിയൂ. മതത്തെയോ ദൈവവിശ്വാസത്തെയോ നിരോധിക്കുന്നതല്ല മതേതരത്വം. മതത്തെ കൊലവെറിയായി ഉപയോഗിക്കുന്നതിന്റെ അപകടം ചൂണ്ടിക്കാട്ടുകയാണ് മതേതരവാദികൾ ചെയ്യുന്നത്. നിന്റെ വിശ്വാസം നിന്നെ രക്ഷിക്കും'എന്നതിനുപകരം, നിന്റെ വിശ്വാസം നിന്നെ കൊല്ലും'എന്ന ദുരവസ്ഥയെ എതിർക്കാതിരിക്കാനാകില്ല.

ഇത് ഭാരതത്തിൽ മാത്രമല്ല ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വീണ്ടും വംശിയ വിദ്വേഷത്തിന്റെ മുളകൾ ഉയരുന്നത് കാണാം. കോർപറേറ്റിസവും ഭരണകൂടവും ഒത്തുചേരുന്നതാണ് ഫാസിസമെന്ന് മുസ്സോളിനിതന്നെ പറഞ്ഞിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി സാമ്പത്തികത്തകർച്ചയും അസമത്വവും അഭയാർഥിപ്രവാഹവും നിരന്തരം വർധിച്ചുവരികയാണ്. അതിനെതിരെയുള്ള പ്രതിഷേധമെന്ന വ്യാജേന നവഫാസിസ്റ്റുകൾ രംഗത്ത് വന്നുകൊണ്ടിരിക്കുന്നു. യൂറോപ്യൻ രാജ്യങ്ങളിൽ ഈയിടെ നടന്ന തെരഞ്ഞെടുപ്പുകൾ ഇതിന്റെ സൂചനയാണ്. ഇന്ത്യയിലെ സ്ഥിതി തീർത്തും ഭീതിജനകമാണ്. വംശീയവാദത്തിന്റെ സകല ചിഹ്നങ്ങളും ഉയർത്തിപ്പിടിച്ച് അമേരിക്കയിൽ നടത്തിയ റാലിയിൽ ഉയർന്ന മുദ്രാവാക്യം 'രക്തവും മണ്ണും' തുടങ്ങിയ ആക്രോശങ്ങളാണ് ഉയർത്തിവിട്ടത്. ഈ സംഭവം അന്തമില്ലാത്ത വംശീയഭ്രാന്തിന്റെ ആഴക്കടലിലേക്ക് ലോകം വീണ്ടും നിപതിക്കുകയാണോ എന്ന സംശയം ബലപ്പെടുത്തുന്നതാണ്. മാത്രമല്ല ജാതി ജാതിയോട് എതിർക്കുന്ന രീതിയിലേക്ക് ഇത് മാറുന്നതിന് മുന്നോടിയായി മാറുന്ന എന്നതാണ് സത്യം.അമേരിക്കയുടെ സമീപകാല ചരിത്രത്തിൽ ആദ്യമായാണ് വെള്ള മേധാവിത്വവാദികളും നവനാസികളും ഫാസിസ്റ്റുകളും കൈകോർത്തുകൊണ്ട് ദേശീയത ഉയർത്തിപ്പിടിക്കാനെന്ന പേരിൽ ഇത്തരമൊരു റാലി നടത്തുന്നത്. ഇതെല്ലാം ദൈവവചന നിവൃത്തികരണമായി മാത്രമെ നമുക്ക് കാണുവാൻ കഴിയു. അതിനർത്ഥം യേശുക്രിസ്തുവിന്റെ മടങ്ങി വരവിന് ഇനിയും അധികം കാലമില്ലെന്നാണ്.

ലേഖനം

# അച്ചടക്ക നടപടികൾ കാലഹരണപ്പെട്ട ഉപദേശമോ?



സ്കറിയ ഡി. വർഗീസ്

ദുരുപദേശ സംഘടനകൾ അതീവ ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കഴിഞ്ഞ നൂറ്റാണ്ടിൽ സത്യസുവിശേഷത്തിന്റെ ദീപശിഖ യാതൊരു സാമ്പത്തിക ലാഭവും പ്രതീക്ഷിക്കാതെ കരങ്ങളിലേന്തിയ ഭക്തന്മാർ ദുരുപദേശങ്ങൾ, സഭയിൽ കടക്കാതിരിക്കുവാൻ ജാഗ്രത പുലർത്തുകയും 'കള' വളരുന്ന സാഹചര്യങ്ങൾ തുടക്കത്തിൽ തന്നെ മുഖപക്ഷം നോക്കാതെ തടയുകയും ചെയ്തിരുന്നു. അതിൽ അവർ അതീവ ഗൗരവത്തോടെ കൈകാര്യം ചെയ്തിരുന്ന വിഷയമായിരുന്നു "അച്ചടക്ക നടപടികളെ പറ്റിയുള്ള ഉപദേശം".

ദൈവസഭ ആർക്കും ഏതു സമയത്തും യാതൊരു നിബന്ധനകളും ഇല്ലാതെ കയറി വരുവാനും തോന്നും പോലെയൊക്കെ പ്രവർത്തിച്ച് ഇറങ്ങി പോകുവാനും സാധിക്കുന്ന വെറും തുറന്ന വയൽ അല്ല. മറിച്ച് ചുറ്റും അടച്ചുകെട്ടി ഭദ്രമാക്കിയതും, ഉള്ളിലേക്കു പ്രവേശിക്കുവാനും, പുറത്തേക്കു കളയുവാനും വളരെ കൃത്യമായതും ഒരിക്കലും ആർക്കും ലംഘിക്കുവാൻ പാടില്ലാത്തതുമായ അതീവ കർശന നിയമങ്ങളും ശക്തമായ നിയന്ത്രണങ്ങളും ഉള്ള തോട്ടമാണ്. സത്യവേദ പുസ്തകത്തിൽ നിറഞ്ഞു നിൽക്കുന്ന 'സ്നേഹം' എന്ന ദൈവീക ഗുണവിശേഷം ദൈവീക നീതിയേയും മഹാദൈവത്താൽ തന്നെ സഭ നൽകപ്പെട്ട ചിട്ടവട്ടങ്ങളെ അട്ടിമറിക്കും(ബലഹീനമാക്കും) എന്ന 'സെമി പെന്തെക്കോസ്ത് ഉപദേശം' വേർപാടിനായി നിലകൊള്ളുന്ന മുഖ്യധാര പെന്തെക്കോസ്തു സമൂഹത്തിൽ നിന്നും പുറത്തുപോകാതെ എല്ലാ പുതുതലമുറ കൾട്ടുകളുടെയു, തരികിടകളുടെയും അനുഭാവികളായി–തുടരുന്നവരുടെ ഉപദേശം. ശത്രുവായ സാത്താന്റെ തന്ത്രമാണ് എന്ന വസ്തുത ദൈവജനം അറിയാതിരിക്കരുത്.

'അല്പമൊന്നു കള്ളടിച്ചാലോ ഒരു കുറ്റി ബീഡി വലിച്ചാലോ കാര്യമായി എടുക്കരുത്', എന്ന ഉപദേശങ്ങളും നയ സമീപനങ്ങളും വ്യാപകമാകുന്നത് വേദനയോടെ മാത്രമേ കാണുവാൻ കഴിയും. കഴിഞ്ഞ ദിവസം ഒരു തലമുതിർന്ന ഉപദേശി പറഞ്ഞു" വേദപുസ്തകത്തിൽ പറയുന്ന കാര്യങ്ങൾ തികച്ചും സന്ദർഭോചിതമായി മാത്രമേ നടപ്പാക്കാവൂ. ഒരാളെ സഭയിൽ കൊണ്ടുവരാൻ എന്താപാടാ. ഒറ്റ നിമിഷം കൊണ്ടു തള്ളുന്നതു ശരിയല്ല" എന്ന്. എന്റെ പ്രിയരേ നശിച്ചു പോകുന്ന ജനകോടികളെ പറ്റി മഹാദൈവത്തെക്കാൾ വലിയ ആകുലത പുലർത്തുവാൻ ആരും ശ്രമിക്കരുത്.

അച്ചടക്ക നടപടികൾ 'വ്യക്തി' എന്നേക്കുമായി നശിച്ചുപോകാനല്ല എടുക്കുന്നത്. തിരുവചനം ശ്രദ്ധിക്കുക, "പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയത്തിനായി എല്ലാവരും കേൾക്കെ ശാസിക്ക" (1തിമൊ. 5:20). അച്ചടക്ക നടപടികളുടെ ആദ്യപടിയാണ്. ഇത് പാപം ചെയ്ത വ്യക്തി അതേ പാപത്തിൽ തുടർന്ന് എന്നേക്കുമായി നശിച്ചുപോകാനുള്ള സാഹചര്യം ഒഴിവാക്കുവാനും. മടങ്ങി വരുവാനുള്ള വഴി തെളിക്കുവാനുമാണിത്. ഇനി ഇതിന്റെ പേരിൽ വ്യക്തി, സഭ ഇട്ടേച്ചു പോയാൽ അതിന് സഹവിശ്വാസികളോ ദൈവമോ ഉത്തരവാദികൾ അല്ല. കാരണം ദൈവം സ്നേഹസമ്പന്നൻ ആയിരിക്കുമ്പോൾ തന്നെ നീതിമാൻ കൂടിയാണ്. ശാസനയുടെ പരിധിയിൽ–സാക്ഷ്യം പറയുന്നതു വിലക്കുക, തിരുമേശവിലക്കുക, ഔദ്യോഗിക സ്ഥാനങ്ങൾ നിഷേധിക്കുക എന്നിവ ഉൾപ്പെടുത്തി ആദിമ ഭക്തർ ഉത്തമമാതൃക കാണിച്ചിരുന്നു എന്ന് സഭാചരിത്രത്തിൽ നിന്നും മനസിലാക്കാം.

ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത് അച്ചടക്ക നടപടികളെ പറ്റി വ്യക്തമായി തന്നെ പഠിപ്പിച്ചിരുന്നു. "നിന്റെ സഹോദരൻ നിന്നോടുപിഴച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവന് ബോധ്യം വരുത്തുക. അവൻ നിന്റെ വാക്കുകൾ കേട്ടാൽ നീ സഹോദരനെ നേടി. കേൾക്കാഞ്ഞാലോ രണ്ടുമൂന്നു സാക്ഷികളുടെ വായാൽ സകലകാര്യവും ഉറപ്പിക്കേണ്ടതിന്, ഒന്നു രണ്ടുപേരെ കൂട്ടിക്കൊണ്ടു ചെല്ലുക. അവരെ കൂട്ടാക്കാഞ്ഞാൽ അവൻ നിനക്കു പുറംജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ" (മത്തായി 18:15–16) പൗലോസ് സ്ളീഹാ എഴുതി "എന്നാൽ സഹോദരൻ എന്നു വേർപെട്ട ഒരുവൻ, ദുർന്നടപ്പുകാരനോ മദ്യപനോ, പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗ അരുത്. അവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്ക് എഴുതിയത്. പുറത്തുള്ളവരെ വിധിപ്പാൻ എനിക്കെന്തു കാര്യം? നിങ്ങൾ അകത്തുള്ളവരെയല്ലോ വിധിക്കുന്നത്. പുറത്തുള്ളവരെ ദൈവം വിധിക്കുന്നു. ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽ തിന്നും നീക്കികളവിൻ" (1കൊരി 5:9–13).

അച്ചടക്ക നടപടികൾക്ക് ഈ രാജ്യത്ത് നിയമ തടസമുണ്ട് എന്ന ധാരണയും തികച്ചും തെറ്റാണ്. ഏതു സംഘടനക്കും തങ്ങളുടെ വ്യവസ്ഥകൾപ്രകാരം നടപടികൾ എടുക്കുവാൻ നമ്മുടെ ജനാധിപത്യ രാജ്യത്ത് സ്വാതന്ത്ര്യം ഉണ്ട്. ദൈവസഭയിൽ വേർപാട് നിലനിർത്തുവാൻ അച്ചടക്ക നടപടികൾ അത്യാവശ്യമാണ്. "സാത്താൻ നമ്മെ തോൽപ്പിക്കരുത് നാം അവന്റെ തന്ത്രങ്ങളൊന്നും അറിയാത്തവരല്ലല്ലോ" (2 കൊരി.2:11).

## 01 ഷെറിൻ നീ എവിടെ? ഒരു നാട്....

ത്തിയിട്ട് തനിയെ അവൾ വന്നുകൊള്ളുമെന്ന വിചാരത്തിൽ അകത്തുപോയ വെസ്ലി 15 മിനിട്ടിനുശേഷം തിരികെ വരുമ്പോൾ ഷെറിനെ കണ്ടില്ലത്രെ. എന്നിട്ട് പോലീസിൽ അറിയിക്കുന്നത് 5 മണിക്കൂറിനു ശേഷവും ഒരു നാടു മുഴുവനും അന്വേഷിക്കുകയാണ് ഷെറിൻ നീ എവിടെ?

അവർ തേങ്ങലോടെ വയലുകളും മലകളും കാടുകളും തടാകവും വെള്ളക്കെട്ടുകളും അരിച്ചുപെറുക്കുന്നു. ഷെറിനെ നിർത്തിയെന്നു പറയുന്ന മരത്തിനുചുറ്റും അവർ കൂടി നിന്ന് പ്രാർത്ഥിക്കുന്നു. ഷെറിൻ മടങ്ങി വരണമെന്ന ഒരു നാടിന്റെ പ്രാർത്ഥനയിൽ വർഗ്ഗവർണ്ണ വ്യത്യാസമില്ലാതെ അവർ കൈകോർക്കുന്നു. എന്നാൽ വെസ്ലി മാത്യുവിന്റെയും ഭാര്യയുടെയും നിസംഗത പരക്കെ വിമർശിക്കപ്പെടുന്നു. ഷെറിൻ എന്ന പിഞ്ചു പൈതലിനെ അറിഞ്ഞോ അറിയാതെയോ അപായപ്പെടുത്തിയതാണ് എന്ന ചിന്ത പലരിലും ഉണ്ട് എന്നതാണ് വാസ്തവം.

വെളുപ്പിനെ 3 മണിക്ക് ഷെറിനെ കാണാതായ ശേഷം പോലീസിൽ റിപ്പോർട്ട് ചെയ്ത 8 മണിക്കുള്ളിൽ എന്തൊക്കെ നടന്നു എന്ന അന്വേഷണത്തിലാണ് റിച്ചാർഡ്സൺ പോലീസ്. ഒരുമണിക്കൂറോളം സമയം ഈ വീട്ടിലെ വാഹനം പുറത്തുപോയി വന്നുവെന്നും വസ്ത്രങ്ങൾ വാഷിംഗ് മെഷീനിൽ വെളുപ്പിനെ തന്നെ കഴുകിയെന്നതുമൊക്കെ സംശയകരമായ കാര്യങ്ങളാണ്. പോലീസ് അറസ്റ്റ് ചെയ്ത വെസ്ലി മാത്യുവിനെ രണ്ടരലക്ഷം ഡോളർ ജാമ്യത്തിൽ വിട്ടയച്ചു ഈ വീട്ടിൽ നിന്ന് വാഹനങ്ങൾ, വസ്ത്രങ്ങൾ തുടങ്ങി പല സാധനങ്ങളും ശാസ്ത്രീയ പരിശോധനക്കായി പോലീസ് കസ്റ്റഡിയിൽ എടുത്തിരിക്കുകയാണ്.

ഒരു നാടിന്റെ കാത്തിരിപ്പിനു ഫലമുണ്ടാകുമോ? ഷെറിൻ എന്ന നിഷ്കളങ്കയായ ആ കുട്ടിയെ ജീവനോടെ തിരികെ ലഭിക്കുമോ? ദിവസങ്ങൾ കഴിയുന്തോറും ആശങ്ക വർദ്ധിക്കുകയാണ്. ബീഹാറിലെ തെരുവിൽ ഒടുങ്ങേണ്ട സാഹചര്യമുണ്ടായിരുന്ന സരസ്വതി അമേരിക്കയിൽ ഷെറിനായി മാറിയപ്പോഴാണോ അവൾ....?

ആരാണ് ഈ തിരോധാന നാടകത്തിനു പുറകിൽ? അവളെ മനപൂർവ്വം ഒഴിവാക്കിയതോ? ആരുടെയോ കരങ്ങൾ അവളെ ഇല്ലാതാക്കിയോ? അതോ വന്യമൃഗങ്ങൾ ഇരയാക്കിയോ? അവൾ വിശപ്പും ദാഹവും സഹിച്ചു പിടഞ്ഞു മരിച്ചോ?... അനാഥയായിരുന്ന അവളെ സനാഥരാക്കിയവർ തന്നെ ഇല്ലായ്മ ചെയ്തോ? ചോദ്യങ്ങൾ ധാരാളം അവശേഷിക്കുന്നു. ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോഴേക്കും ഉത്തരം കിട്ടിയേക്കാം. അത് വേദനിപ്പിക്കുന്നതാകരുതേ എന്നുമാത്രം പ്രാർത്ഥിക്കുവാനും ആഗ്രഹിക്കുവാനുമേ കഴിയുന്നുള്ളൂ. ഷെറിൻ.... ഒരു നാടു തേങ്ങുകയാണ് നിനക്കുവേണ്ടി. അവർ പ്രാർത്ഥനയോടെ കാത്തിരിക്കുന്നു. കുഞ്ഞു മാലാഖയ്ക്ക് ഇങ്ങനെ വന്നു ഭവിച്ചതിൽ ഒരു സമൂഹം ലജ്ജിക്കുകയാണ്. പ്രാർത്ഥനക്കാരെ സമൂഹം കല്ലെറിയുമ്പോൾ അറിയാതെ തലകുനിച്ചുനിൽക്കുകയാണ് ഈ വേർപെട്ട സമൂഹം. കുറ്റകൃത്യത്തിനു മതവും ജാതിയുമില്ലല്ലോ. ഷെറിൻ നീ മടങ്ങിവരുമോ?...

## അക്ഷരങ്ങളുടെ അത്ഭുതലോകം - 6

# വചനഘോഷണം – ഒരു അവലോകനം



ടീയെസ് കപ്പമാംമ്മൂട്ടിൽ

**പൊ**തുവേദികളിൽ നിന്നും ഉയർത്തിട്ടുള്ള നിരവധി പ്രസംഗങ്ങൾ നമ്മിൽ മിക്കവരും കേട്ടിട്ടുണ്ട്. പലതും മനസ്സോടെ കേൾക്കുകയായിരുന്നില്ല, മനസ്സില്ലാ മനസ്സോടെ സഹിക്കുകയായിരുന്നു എന്നതാണ് വസ്തുത. കേട്ടിട്ടുള്ള പല പ്രസംഗങ്ങളും തിരികൊളുത്തിയ നനഞ്ഞ പടക്കത്തിന്റെ അവസ്ഥയിലാണ് കലാശിച്ചത്. ദിഗന്തങ്ങൾ ഭേദിക്കുന്ന വിസ്ഫോടനങ്ങളുടെ ഒരു പരമ്പര തന്നെ ഒരുക്കുവാനുള്ള തയ്യാറെടുപ്പോടെയാണ് ചിലരെങ്കിലും വേദിയിലേക്ക് ചുവടുവയ്ക്കുന്നതെങ്കിലും, മോഹഭംഗങ്ങളുടെ മാറാപ്പുമായിട്ടായിരിക്കും അവർ വേദികാലിയാക്കുന്നത്. മറ്റു ചിലരുടെ പ്രസംഗങ്ങൾ കേവലം കണ്ഠക്ഷോഭങ്ങളായി കൂപ്പുകുത്തുമ്പോൾ, ഇവർക്കെതിരെ അന്തരീക്ഷ മലിനീകരണത്തിന് കർക്കശമായ നിയമനടപടികളെടുക്കാൻ ആരുമില്ലേ എന്ന് ശ്രോതാക്കൾ വേദനയോടെ ചോദിച്ചു പോകുന്നത് സ്വാഭാവികം.

കാറ്റുനിറച്ച ബലൂൺപോലെ ഉള്ള് പൊള്ളയായ, കഴമ്പില്ലാത്ത പ്രസംഗങ്ങൾ കേൾക്കുമ്പോൾ, അവയെ സത്യസന്ധമായി വിലയിരുത്തുന്ന ഒരു ആംഗലേയ പ്രയോഗമാണ് ഓർമ്മയിലെത്തുന്നത്. 'Constipation of ideas and loose of the tongue'.

എന്നാൽ വേദികളിൽ ആവേശത്തോടെ കത്തിക്കയറുന്ന ചില പ്രസംഗകരുണ്ട്. അവരുടെ വാക്ധോരണി അന്തരീക്ഷത്തിൽ പ്രകമ്പനം സൃഷ്ടിക്കുമ്പോൾ, ഓരോ വാക്കുകൾക്കും വേണ്ടി സദസ്സുമുഴുവൻ കാതോർത്തിരിക്കുന്ന അവസ്ഥ. അനർഗ്ഗളമായി ഒഴുകിയെത്തുന്ന ലളിതകോമള പദാവലികൾ കെട്ടിപ്പടുക്കുന്ന അത്ഭുത പ്രപഞ്ചത്തിൽ പരിസരം മറന്ന് ചിറകടിച്ചുപറന്നുയരുവാൻ ശ്രോതാക്കൾ വ്യാമോഹിച്ചുപോകും.

അത്തരം പ്രസംഗകർ വേദിയിൽ പദാവലികളിലൂടെ അനായാസമായി വിസ്മയ ഗോപുരങ്ങൾ പണിതുയർത്തുമ്പോൾ, അതിനുപിമ്പിൽ ദിവസങ്ങളോ, ആഴ്ചകളോ നീണ്ടുനിന്ന കഠിനാദ്ധ്വാനം ഓർക്കാറില്ല. പ്രസംഗകലയിൽ പ്രാവീണ്യം സിദ്ധിച്ചവർക്കും, പ്രസംഗിക്കുവാൻ താല്പര്യമുള്ളവർക്കും നിഷ്പ്രയാസം ചെയ്യുവാൻ കഴിയുന്ന അഭ്യാസമാണ് പ്രസംഗമെന്നൊരു മിഥ്യാധാരണ ദൗർഭാഗ്യവശാൽ കേഴ്‌വിക്കാരിൽ പലർക്കുമുണ്ട്. എന്നാൽ ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചു പറ്റുകയും അവരുടെ ജീവിതത്തെ സ്വാധീനിക്കുകയും ചെയ്ത ഓരോ പ്രസംഗങ്ങളുടെയും പിമ്പിൽ കഠിനാദ്ധ്വാനത്തിന്റെ സുദീർഘമായ കഥകളുണ്ട്.

ലോകം ഇന്നുവരെ കണ്ടിട്ടുള്ള പ്രതിഭാശാലികളായ പ്രഭാഷകന്മാരുടെ മുൻനിരയിൽ തന്നെ സ്ഥാനമുറപ്പിച്ച പ്രഗത്ഭനായ വാഗ്മിയായിരുന്നു ബ്രിട്ടന്റെ പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിൽ രണ്ടാം ലോകമഹായുദ്ധത്തിൽ ശക്തരായ എതിരാളികൾക്കെതിരെ ആഞ്ഞടിക്കുവാൻ സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഓരോ പൗരനും പ്രചോദനമേകിയത് അഗ്നി സ്ഫുലിംഗങ്ങൾ പൊട്ടിച്ചിതറുന്ന അദ്ദേഹത്തിന്റെ വാക്കുകളായിരുന്നു. കഠിനാദ്ധ്വാനത്തോടൊപ്പം ചുടുനിണവും കണ്ണുനീർത്തുള്ളികളും, സ്വേദകണങ്ങളുമൊഴുക്കാനുള്ള അദ്ദേഹത്തിന്റെ ആഹ്വാനത്തിൽ നിന്നു ആവേശമുൾക്കൊണ്ട് പിന്നിൽ അണിനിരന്നത് ഒരു രാഷ്ട്രമാസകലം.

ഒരു പ്രസംഗകനാകുകയെന്ന തന്റെ അഭിലാഷം പൂവണിയുന്നതിന് തടസ്സമായി നിന്ന തടങ്കൽപ്പാറകളാണ് അദ്ദേഹത്തിന്റെ ചില ശാരീരിക പരിമിതികൾ. ബാല്യകാലത്ത് സംസാരിക്കുമ്പോൾ ഉണ്ടായിരുന്ന വിക്കും, ഉച്ചാരണത്തിലെ അക്ഷരസ്ഫുടതയില്ലായ്മയും ഉയർത്തിയ ശക്തമായ വെല്ലുവിളികളെ അദ്ദേഹം തരണം ചെയ്തത് കഠിനാദ്ധ്വാനത്തിലൂടെയും നിരന്തരമായ പരിശീലനത്തിലൂടെയുമാണ്. മാതൃഭാഷ അനായാസമായി കൈകാര്യം ചെയ്യുവാനുള്ള അവഗാഹമായ ഭാഷാപാണ്ഡിത്യം ആർജ്ജിക്കുവാനുള്ള അദമ്യമായ അഭിനിവേശം അദ്ദേഹത്തെ വിജയത്തിന്റെ ഗിരിശൃംഗങ്ങളിലാണ് കൊണ്ടെത്തിച്ചത്.

സാധാരണക്കാരുടെ ബുദ്ധിമണ്ഡലത്തിൽ ഒതുങ്ങി നില്ക്കുന്നത് 25000–ത്തോളം വാക്കുകളാണ്. എന്നാൽ ചർച്ചിൽ സ്വായത്തമാക്കിയ പദാവലിയിൽ ഏകദേശം 65000 വാക്കുകൾ ഉൾക്കൊണ്ടിരുന്നു. അതിന്റെ പിമ്പിൽ രാവുകളെ പകലുകളാക്കിയുള്ള കഠിനാദ്ധ്വാനത്തിന്റെ നീണ്ട ചരിത്രമുണ്ട്. ചെറുപ്പത്തിൽ തന്നെ പുസ്തകങ്ങളോടുള്ള ആസക്തിയും അവ വായിച്ചുതീർക്കാനുള്ള അത്യാർത്തിയും അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ ഭാഗമായി മാറി. ആ കാലത്തു തന്നെ വായനയും രചനയും അദ്ദേഹത്തിന്റെ ഹൃദയം കീഴടക്കിയിരുന്നു. സാഹിത്യം, ചരിത്രം, ശാസ്ത്രം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന 5000–ലേറെ ഗ്രന്ഥങ്ങൾ തന്റെ ജീവിതകാലത്ത് അദ്ദേഹം വായിച്ചുതീർത്തു എന്ന വസ്തുത തന്നെ തന്റെ പ്രഭാഷണങ്ങളും, രചനകളും ജീവസ്സുറ്റതാക്കിത്തീർക്കുവാനുള്ള സമർപ്പണബോധത്തെയാണ് കാണിക്കുന്നത്.

ബ്രിട്ടന്റെ പ്രധാനമന്ത്രിയെന്ന നിലയിലും രണ്ടാം ലോകമഹായുദ്ധത്തോടുള്ള ബന്ധത്തിലും ഉണ്ടായിരുന്ന തിരക്കുകൾക്കിടയിലും പ്രസംഗങ്ങൾ തയ്യാറാക്കുവാൻ ദീർഘമണിക്കൂറുകൾ അദ്ദേഹം നീക്കിവെച്ചു. തയ്യാറാക്കിയ പ്രസംഗത്തിന്റെ ആദ്യപ്രതിയിൽ അദ്ദേഹം ഒരിക്കലും സംതൃപ്തനായിരുന്നില്ല. വെട്ടുകളും തിരുത്തുകളും രേഖപ്പെടുത്തിയ തിരുത്തിയെഴുതിയ പ്രതികളുടെ അവസാനത്തിലാണ് പ്രസംഗത്തിനുള്ള ഫൈനൽ പ്രതി തയ്യാറാക്കിയിരുന്നതെന്ന വസ്തുത കർത്തവ്യനിർവ്വഹണത്തിൽ അദ്ദേഹം വിട്ടുവീഴ്ചയ്ക്ക് ഒരുക്കമായിരുന്നില്ല എന്ന യാഥാർത്ഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

വേദിയിൽ നക്ഷത്രപ്രഭയിൽ വിളങ്ങിയിരുന്ന താരമായിരുന്നു അമേരിക്കൻ പ്രസിഡന്റായിരുന്നു തിയോഡോർ റൂസ് വെൽറ്റ്. അദ്ദേഹവും വളരെ കരുതലോടെയാണ് പ്രസംഗങ്ങൾ ഒരുക്കിയിരുന്നത്. ടൈപ്പ്റൈറ്ററിൽ ടൈപ്പുചെയ്ത് തയ്യാറാക്കുന്ന പ്രസംഗങ്ങൾ മെച്ചമാക്കുവാൻ നിരവധി തവണ പ്രതികൾ വെട്ടുകൾക്കും തിരുത്തലുകൾക്കും വിധേയമാക്കി തൽഫലമായി പല തവണ പ്രതികൾ ടൈപ്പു ചെയ്യേണ്ട സാഹചര്യമുണ്ടായെങ്കിലും, അതൊന്നും അദ്ദേഹത്തെ തളർത്തിയില്ല. പ്രസംഗങ്ങൾ മെച്ചമാക്കുവാൻ എന്തുത്യാഗത്തിനും ഒരുക്കമായിരുന്നു.

അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധേയമാണ്.

“കഠിനാദ്ധ്വാനത്തിലൂടെയും, എന്റെ നിർണ്ണയബോധം (Judgement) പ്രായോഗികമാക്കുന്നതിലൂടെയും, ശ്രദ്ധാപൂർവ്വമുള്ള ആസൂത്രണത്തിലൂടെയും, ദീർഘനാളുകൾ മുമ്പ് ആരംഭിക്കുന്ന അദ്ധ്വാനത്തിലൂടെയും അല്ലാതെ ഞാനൊരിക്കലും ഒന്നും നേടിയിട്ടില്ല”.

സഭകളിലോ പൊതുവേദികളിലോ പ്രഘോഷിക്കപ്പെട്ടിട്ടുള്ള ശക്തമായ ദൂതുകൾക്കുപിമ്പിൽ ശുശ്രൂഷിച്ച കർത്തൃദാസന്മാരുടെ ത്യാഗമനോഭാവവും പ്രാർത്ഥനാപൂർവ്വമുള്ള കഠിനാദ്ധ്വാനവുമുണ്ട്. ഒരു വിഷയത്തിൽ കേന്ദ്രീകരിച്ച് വചനശുശ്രൂഷ നിർവ്വഹിക്കുവാൻ സമർപ്പണബോധനത്തോടെയുള്ള തയ്യാറെടുപ്പ് പ്രസംഗകർക്ക് അനിവാര്യമാണ്. നിത്യത്തൊഴിൽ അഭ്യാസമെന്ന ചിന്തയോടെ ഒരു ഒരുക്കവുമില്ലാതെ വേദിയിൽ ചാടിക്കയറുന്ന ചില പ്രസംഗകരെങ്കിലും നമ്മുടെയിടയിലുണ്ട്. പകലന്തിയോളം സഭാകാര്യങ്ങൾക്കും മറ്റും ചിലവഴിച്ചതിനുശേഷം വചനധ്യാനത്തിനോ പ്രാർത്ഥനയ്ക്കോ സമയം കണ്ടെത്താനാകാതെ വേദിയിലെത്തുന്ന പ്രസംഗകരിൽ ചിലർ ഉല്പത്തിയിലെ ഏദെൻ തോട്ടത്തിൽ ആരംഭിക്കുന്ന ‘കുട്ടിക്കരണം മറിച്ചിൽ’ അവസാനിക്കണമെങ്കിൽ വെളിപ്പാടിലെ പത്മോസ് ദ്വീപിലെത്തണം.

സംസാരിക്കുവാനുള്ളതെല്ലാം പരിശുദ്ധാത്മാവ് തക്കസമയത്തു നൽകുമെന്ന മിഥ്യാബോധത്തോടെ ഒരു തയ്യാറെടുപ്പില്ലാതെ വേദിയിലെത്തുന്നവരുണ്ട്. വചനശുശ്രൂഷ നനഞ്ഞ പടക്കംപോലെ സദസ്സിന് അനുഭവപ്പെടുന്നു എന്ന് ബോധ്യം വരുമ്പോൾ, വചനം പ്രകാശിക്കാത്തതിനുള്ള പഴി മുഴുവനും പരിശുദ്ധാത്മാവിന്റെ ചുമലിൽ കെട്ടിവച്ച് മുഖം രക്ഷിക്കുന്ന മിടുമിടുക്കന്മാരാണവർ. “അനുഗ്രഹിക്കപ്പെട്ട ഒരു ദൂത് ഒരുക്കിക്കൊണ്ടാണ് ഇന്നു ഞാൻ വന്നത്. എന്നാൽ എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. മറ്റൊരു വിഷയത്തെക്കുറിച്ച് സംസാരിക്കുവാനാണ് ദൈവത്തിന്റെ ആത്മാവ് എന്നെ പ്രേരിപ്പിക്കുന്നത്”.

പാളിപ്പോകുന്ന വചനശുശ്രൂഷയെ ന്യായീകരിക്കുവാനുള്ള ഒരു മുൻകൂർ ജാമ്യമാണ് ഇത്തരം പ്രസ്താവനകൾ. പരിശുദ്ധാത്മാവാം ദൈവത്തിന് മനസ്സാവാചാകർമ്മണ ഒരു പങ്കുമില്ലാത്ത വിഷയത്തിൽ പരിശുദ്ധാത്മാവിനെതിരെ അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ച് തടിതപ്പാൻ ശ്രമിക്കുന്നതിനുപകരം, “വചനശുശ്രൂഷയ്ക്കായി പ്രാർത്ഥനയോടെ ഒരുങ്ങുവാൻ എനിക്കു കഴിഞ്ഞില്ല. ദൈവജനം എന്നോടു ക്ഷമിക്കണം” എന്ന് ഏറ്റുപറഞ്ഞു ഇത്തരം പ്രസംഗകർ സദസ്സിനോട് ക്ഷമാപണം നടത്തുന്നതല്ലേ മാന്യത?

ആത്മീയ സത്യങ്ങളുടെയും തിരുവചന മർമ്മങ്ങളുടേയും ഒരിക്കലും വറ്റാത്ത സംഭരണിയാണ് വിശുദ്ധബൈബിൾ. ദൈവവചനം ദിനംതോറും ഗൗരവമായി പഠിക്കുകയും ധ്യാനിക്കുകയും, മണിക്കൂറുകൾ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു ഭക്തനിലൂടെയാണ് അഭിഷേകതൈലത്തിന്റെ പരിമളം പ്രസരിക്കുന്ന ശക്തമായ ദൂതുകൾ സ്വർഗ്ഗം ദൈവജനത്തിന് നൽകുന്നത്.

വചനശുശ്രൂഷയെ ഗൗരവമായി കാണുന്ന പ്രസംഗകർക്ക് ഒരു സ്വകാര്യ ലൈബ്രറിയുണ്ടായിരിക്കേണ്ട ആവശ്യകത, ബുദ്ധിയിൽ നിന്നുമുള്ള ആലോചനയായി ചിലരെങ്കിലും കരുതിയേക്കാം എന്നാൽ അവഗണിക്കേണ്ട ചിന്താഗതിയല്ലിത്. ബൈബിൾ സംബന്ധമായ പുസ്തകങ്ങളോടൊപ്പം ചരിത്രത്തിലും ശാസ്ത്രത്തിലും സാഹിത്യത്തിലും, പൊതുവിജ്ഞാനത്തിലും അത്യാവശ്യമായ അറിവ് സമ്പാദിക്കുവാൻ സഹായകരമായ ഗ്രന്ഥങ്ങളുടെ ശേഖരണം ഒരു മുതൽക്കൂട്ടുതന്നെയാണ്.

ചിന്തിപ്പിക്കുന്നതാണ് ലെസ്റ്റർ ഹാർണീഷിന്റെ വാക്കുകൾ–

“ഒരു പ്രസംഗകൻ യാത്രയ്ക്കായി ഉപയോഗിക്കുന്ന സ്വന്തമായ വാഹനത്തിന്റെ വിലയ്ക്കു തുല്യമായ തുകയ്ക്കു വാങ്ങിയ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ലൈബ്രറിയിൽ ഉണ്ടായിരിക്കണം”.

നമ്മുടെ പ്രസംഗകരിൽ പലരും കാൽനടയായി യാത്ര ചെയ്യുന്നവരാണെന്നാണ് തോന്നുന്നത്.

bookonpsalm23@gmail.com

# ആക്ട് സാഹിത്യ പുരസ്കാരം എൻട്രികൾ ക്ഷണിക്കുന്നു

**കോട്ടയം:** ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സ് (ACT) 2016 ലെ മികച്ച രചനകൾക്ക് പുരസ്കാരം നൽകുന്നു. 2016 ൽ ക്രൈസ്തവ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള ആദ്ധ്യാത്മിക ലേഖനം, സാമൂഹിക പ്രാധാന്യമുള്ള ലേഖനം, ന്യൂസ് സ്റ്റോറി, ലേ ഔട്ട് എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി ഏറ്റവും മികവു പുലർത്തുന്ന രചനയ്ക്കായിരിക്കും സമ്മാനം നൽകുക. ഓരോ വിഭാഗത്തിലും 5000 രൂപ വീതമായിരിക്കും അവാർഡ് തുക. എഴുത്തുകാർക്കും പ്രസിദ്ധീകരണത്തിനും എൻട്രികൾ അയയ്ക്കാം. ഒരാൾക്ക് 2 രചനകൾ വീതം അയയ്ക്കാം. ഓരോ രചനയുടെയും 3 കോപ്പികൾ വീതം അയയ്ക്കണം. പ്രസിദ്ധീകരിച്ച ആനുകാലികത്തിന്റെ ഒറിജിനലോ ഫോട്ടോ കോപ്പിയോ അയയ്ക്കാം. വിദേശ മലയാളികൾക്കും പങ്കെടുക്കാം. അയയ്ക്കേണ്ട വിലാസം: Raju Anikkad, Mukkooril House, Anicadu P. O., Mallappally - 689585, Pathanamthitta Dist. Mob: 9446187207.

# വാർഷിക കൺവെൻഷൻ

**ബിലാസ്പൂർ:** ഐ.പി.സി ഛത്തീസ്ഗഢ് സ്റ്റേറ്റിന്റെ പന്ത്രണ്ടാമത് വാർഷിക കൺവെൻഷൻ നവംബർ 1-5 വരെ ഐ.പി.സി സ്റ്റേറ്റ് ആസ്ഥാനമായ ഹെബ്രോൻ നഗർ ടിൽഡായിൽ വെച്ചു നടക്കും. പാസ്റ്റർ ജിജി പി പോൾ നേതൃത്വം വഹിക്കുന്ന ഈ കൺവെൻഷനിൽ മുഖ്യ പ്രാസംഗികരായി ഐ.പി.സി.ജനറൽ പ്രസിഡൻറ് പാസ്റ്റർ ജേക്കബ് ജോൺ, ജനറൽ വൈസ് പ്രസിഡൻറ് പാസ്റ്റർ വിൽസൻ ജോസഫ്, ജനറൽ ജോയിൻറ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ജനറൽ ട്രഷറാർ ബ്രദർ സജി പോൾ, പാസ്റ്റർ കെ. ജോയ് (ന്യൂഡെൽഹി), പാസ്റ്റർ ജോയ് അബ്രഹാം, പാസ്റ്റർ എം.ജെ. ഡേവിഡ്, പാസ്റ്റർ ഷിബു കെ മത്തായി (ന്യൂഡെൽഹി) എന്നിവർ പങ്കെടുക്കും. ഐ.പി.സി ഛത്തീസ്ഗഡ് സ്റ്റേറ്റിൻറെ ആസ്ഥാനത്തിനായി വാങ്ങിയ രണ്ടര ഏക്കർ ഭൂമിയുടെ സമർപ്പണ ശുശ്രൂഷ മൂന്നാം തിയതി ജനറൽ പ്രസിഡൻറിൻറയും ജനറൽ, സ്റ്റേറ്റ് ഭാരവാഹികളുടെയും സാന്നിധ്യത്തിൽ നടക്കും. പാസ്റ്റർ ജോർജ്ജ് കുറമ്പൂട്ടിൽ ആരാധനയ്ക്കു നേതൃത്വം വഹിക്കും. ദിവസവും വൈകിട്ട് 5 മുതൽ 9 വരെയാണ് പൊതുയോഗം, ബൈബിൾ ക്ലാസ്, യുവജന സമ്മേളനം, സോദരീ സമ്മേളനം എന്നിവയും നടക്കും, 5 ഞായറാഴ്ച പൊതു ആരാധനയിൽ ഛത്തീസ്ഗഢിലുള്ള എല്ലാ സഭയും പങ്കെടുക്കും. സ്റ്റേറ്റ് പ്രസിഡൻറ് പാസ്റ്റർ ജിജി പി. പോൾ തിരുമേശയുടെ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കും. വടക്കേന്ത്യയിൽ നടക്കുന്ന വലിയ കൺവെൻഷനുകളിൽ ഒന്നാണ് ഇത്. ദൈവമക്കൾ പ്രാർത്ഥിക്കുമല്ലോ.

# ക്രൂസേഡ് 2017

**ന്യൂഡൽഹി:** ഗാസിയാബാദ് ഐപിസി കർമ്മേൽ ചർച്ചിന്റെ നേതൃത്വത്തിൽ 12–ാമത് ക്രൂസേഡ് 2017, നവംബർ 4,5,6 തീയതികളിൽ Sector 23. E, Block രാമലീല ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടുന്നു. ദിവസവും വൈകിട്ട് 5.30 –8.30 വരെ ക്രൂസേഡ്. ഗാസിയാബാദ് സെന്റർ പാസ്റ്റർ എ. റ്റി. ജോസഫ് അരിപറമ്പിലിന്റെ നേതൃത്വത്തിൽ ഈ മീറ്റിംഗുകളിൽ പാസ്റ്റർ വി. ഒ. വർഗീസ്, ബോംബെ ദൈവവചനം പ്രസംഗിക്കുന്നു. ഐപിസി ഡൽഹി സ്റ്റേറ്റിന്റെ ഗായകസംഗമായ “The Havenly Beasst” ന്റെ നേതൃത്വത്തിൽ ഗാനങ്ങൾ ആലപിക്കുന്നു.

5–ാം തീയതി ഞായറാഴ്ച സെന്ററിലെ 23 സഭകളുടെ സംയുക്ത ആരാധനയും, കർതൃമേശ ശുശ്രൂഷയും, 6–ാം തീയതി 10 am-1pm വരെ പാസ്റ്റേഴ്സ് മീറ്റിംഗും കർമ്മേൽ ചർച്ചിൽ വെച്ച് നടത്തപ്പെടുന്നു.

ചോദ്യോത്തരവേദി

# യേശുവിനെ അധിക്ഷേപിക്കുന്ന പുസ്തകങ്ങൾ വിജയിക്കുന്നതെന്തുകൊണ്ട്?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** തേവര സേക്രഡ് ഹാർട്ട് കോളേജിലും ദേവമാതാ കോളേജിലും ചരിത്രപ്രൊഫസറായി ജോലി ചെയ്തു വിരമിച്ച പ്രൊഫ. കെ. എം. ഏബ്രഹാം രചിച്ച 'യേശുക്രിസ്തു ക്രൂശിൽ മരിച്ചില്ല' എന്ന പുസ്തകം ഇപ്പോൾ വിപണിയിലുണ്ട്. കേന്ദ്ര ഗവൺമെന്റിൽ ഉദ്യോഗസ്ഥനായിരുന്ന സോമദത്തൻ രചിച്ച 'ചരിത്രത്തിലെ ക്രിസ്തു' എന്ന പുസ്തകം കൂടി അയച്ചുതരുന്നു. വായിച്ചശേഷം അഭിപ്രായം അറിയിക്കുക

**– മോനിച്ചൻ, ചമ്പക്കര സർവ്വീസ് സഹകരണ ബാങ്ക്, കറുകച്ചാൽ**

**ഉത്തരം:** സാധാരണ കഴിവുകൾ മാത്രമുള്ള ഒരെഴുത്തുകാരൻ പെട്ടെന്നു പ്രശസ്തനാകാനുള്ള ഒരെളുപ്പവഴി **യേശുക്രിസ്തുവുമായി മത്സരിക്കുക** എന്നുള്ളതാണ്. അല്ലെങ്കിൽ യേശുവിനെ അധിക്ഷേപിച്ചൊരു പുസ്തകം ഇറക്കുക എന്നുള്ളതാണ്. ബൈബിളിലെ വചനം കോട്ടിയും യേശുവിനെ കളിയാക്കിയുമുള്ള സാഹിത്യരചനയിൽ ആർക്കും ഇഷ്ടംപോലെ മുഴുകാം. സാധാരണഗതിയിൽ ഒന്നും സംഭവിക്കില്ല. 'അന്ത്യ പ്രലോഭന'മെഴുതിയ **കസന്ത്ദിസാക്കിസും** 'ഡാവിഞ്ചികോഡ്' എഴുതിയ **ഡാൻ ബ്രൗണും** ലോകപ്രശ്സതരും കോടീശ്വരന്മാരുമായി. എന്നാൽ മറ്റു മതങ്ങളോട് തൊട്ട് കളിച്ചാൽ അപകടമാണ്. ഒരു ചോദ്യക്കടലാസിൽ പടച്ചോനും ഭ്രാന്തനുമായുള്ള സംഭാഷണം ഉദ്ധരിച്ചപ്പോൾ ഭ്രാന്തന്റെ പേരു മാറ്റിയിട്ട തൊടുപുഴയിലെ പ്രൊഫസറുടെ അനുഭവം എല്ലാവർക്കുമറിയാം. അതുപോലെ ഹിന്ദുക്കളുടെ ദൈവങ്ങളെ അധിക്ഷേപിച്ചാലും വിവരം അറിയാം. എന്നാൽ ക്രിസ്ത്യാനികളുടെ **'പുതിയനിയമ'ത്തിൽ** ഒരിടത്തും വിശ്വാസത്തിന്റെ പേരിൽ യുദ്ധം ചെയ്യാൻ **കല്പനകളില്ല.** മാത്രമല്ല, യേശുവിനെ ദുഷിച്ചാലും യേശു ക്ഷമിക്കുമെന്ന് പറഞ്ഞിട്ടുണ്ട് (മത്തായി 12:32).

പ്രൊഫസർ കെ. എം. ഏബ്രഹാം തന്റെ പുസ്തകത്തിൽ യേശു എന്നൊരാൾ ജനിച്ചിട്ടില്ലെന്നും അങ്ങനെയൊരാൾ ജനിച്ചിരുന്നതായി ചരിത്രരേഖകളില്ലെന്നും വ്യക്തമായി എഴുതി സ്ഥാപിച്ചശേഷം, പിന്നീട് അതേ പുസ്തകത്തിൽ തന്നെ യേശു ജാരസന്തതിയായിരുന്നെന്നും, അത്ഭുത പ്രവർത്തകനായിരുന്നില്ലെന്നും, കുരിശിൽ മരിച്ചില്ലെന്നും ഉയർത്തില്ലെന്നും പറയേണ്ട കാര്യമില്ലല്ലോ! എന്റെ പറമ്പിൽ ഒരു മാവില്ലെന്നു സ്ഥാപിച്ചശേഷം, ആ മാവിൽ മാങ്ങായില്ലെന്നും അഥവാ മാങ്ങാ ഉണ്ടെങ്കിൽ അത് തിന്നാൻ കൊള്ളില്ലെന്നും പറഞ്ഞാൽ പ്രൊഫസറുടെ യുക്തിചിന്തയെക്കുറിച്ച് **കരയുകയേ മാർഗ്ഗമുള്ളൂ.**

ഗമാലിയേലിന്റെ ശിഷ്യനും ജ്ഞാനിയുമായിരുന്ന പൗലോസാണ് ക്രിസ്തുമതം സ്ഥാപിച്ചതെന്നു ഗ്രന്ഥകാരൻ സിദ്ധാന്തിക്കുന്നു. തന്റെ ബദ്ധശത്രുവായിരുന്ന യേശുവിന്റെ പേരിൽ പൗലോസ് ഒരു മതം സ്ഥാപിക്കാൻ ഇറങ്ങി പുറപ്പെട്ടതിന്റെ കാരണം അദ്ദേഹം വിശദീകരിച്ചത് പൗലോസിന് ഭ്രാന്തായിരുന്നു എന്നാണ്.

ലോകചരിത്രത്തിൽ നിന്നോ റോമൻ ചരിത്രത്തിൽ നിന്നോ വ്യക്തമായി കണ്ടെത്താവുന്ന വ്യക്തികളല്ല **പൗലോസും ഗമാലിയേലും.** ചരിത്രപ്രൊഫസറായ ഗ്രന്ഥകാരൻ ബൈബിളിൽ നിന്നല്ലേ പൗലോസിനെയും ഗമാലിയേലിനെയും കണ്ടെത്തിയത്. അങ്ങനെയെങ്കിൽ ബൈബിളിൽ എഴുതിയിരിക്കുന്ന ഏതെല്ലാം കാര്യങ്ങൾ വിശ്വസിക്കണം, ഏതെല്ലാം കാര്യങ്ങൾ വിശ്വസിക്കരുത് എന്നു ഏബ്രഹാം തിരിച്ചറിഞ്ഞതെങ്ങനെ?

ഞാൻ പ്രൊഫസറുമായി ഫോണിൽ സംസാരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും മക്കളും ക്രിസ്ത്യാനികളാണ്. അധർമ്മം പെരുകുന്ന ഈ ഭൂമിയിൽ വിശ്വാസം വളർത്തിയെടുക്കുക എളുപ്പമുള്ള പ്രക്രിയയല്ല. എന്നാൽ വിശ്വസിക്കുന്ന കാര്യങ്ങളിൽ സംശയം ജനിപ്പിക്കുക എളുപ്പമാണ്. ഭേദപ്പെട്ട ഒരു മാർഗ്ഗം പ്രൊഫസർക്ക് ചൂണ്ടികാണിക്കാനില്ലാതെ, സമാധാനത്തിലും സന്തോഷത്തിലും കഴിയുന്നവരെ അസ്വസ്ഥരാക്കുന്നത് മനുഷ്യസേവനമല്ല, ധാർമ്മികമല്ല മറിച്ച് മനുഷ്യദ്രോഹമാണ്.

പ്രൊഫസർ ഈ **കുഴഞ്ഞ** അവസ്ഥയിൽ വന്നത് (യുക്തിയോ, ബുദ്ധിയോ, വിശ്വാസമോ, ഇല്ലാത്ത അവസ്ഥയിൽ) വല്ല **ബാധ** കൂടിയതോ അതോ മതമേലാധികാരികളിൽ നിന്നുണ്ടായ ചില തിക്താനുഭവങ്ങളുടെ ഫലമാണോ എന്ന് തീർച്ചപ്പെടുത്താൻ കഴിയുന്നില്ല. ക്രിസ്തു ജീവിച്ചിരുന്ന വ്യക്തിയല്ല എന്നു തെളിയിക്കുവാൻ ശ്രമിച്ച എ. റ്റി. കോവൂരിനും ഇടമറുകിനും ക്രിസ്തീയ വിശ്വാസമുള്ള മാതാപിതാക്കളാണുണ്ടായിരുന്നത്. ഒടുവിൽ കോവൂരും ഇടമറുകും ക്രിസ്തുവിനെയും വേദപുസ്തകത്തെയും തള്ളിപ്പറഞ്ഞ് നിരീശ്വരവാദികളായി.

**പാലമറ്റം സോമദത്തൻ രചിച്ച ചരിത്രത്തിലെ ക്രിസ്തു**

എത്ര ബിരുദങ്ങളുണ്ടെങ്കിലും അടിസ്ഥാനപരമായി അക്കാഡമിക് ബ്രില്ല്യൻസ് ഇല്ലാതെ ഏതോ കേന്ദ്രഗവൺമെന്റ് ജോലിയിൽ **ചെറിയ** തസ്തികയിലിരുന്ന്, പല പുസ്തകങ്ങളിലെ ആശയങ്ങൾ കോപ്പിയടിച്ച്, തെറ്റായ ആശയങ്ങളിൽ ആകർഷിക്കപ്പെട്ട് 15 വർഷം ജയിൽശിക്ഷ അനുഭവിച്ചശേഷം, 76 വയസ്സിലും നാർസിസ്സം (narcism) എന്ന മാനസിക രോഗത്തിനടിമപ്പെട്ട്, ചില ക്രിസ്തു വിരുദ്ധപുസ്തകങ്ങൾ പരിശോധിച്ചശേഷം അതിൽ നിന്ന് പടച്ചുവിട്ട ഒരു കൃതിയായിട്ടേ പാലമറ്റം **സോമദത്തന്റെ 'ചരിത്രത്തിലെ ക്രിസ്തു'**വിനെ കാണാൻ എനിക്കു കഴിയുന്നുള്ളൂ. അദ്ദേഹത്തിന്റെ പുസ്തകത്തിലെ പല പേജുകളിലും മണ്ടത്തരങ്ങളും പൊട്ടത്തരങ്ങളും ഉണ്ട്. ചൂണ്ടിക്കാണിക്കാൻ തുടങ്ങിയാൽ വേറൊരു പുസ്തകം എഴുതേണ്ടി വരും. അതിനൊന്നും എനിക്കു സമയമില്ല. എങ്കിലും ഒരുദാഹരണത്തിന്, സോളമൻ രാജാവിന് ഒരു ഡസനിലധികം ഭാര്യമാരുണ്ടായിരുന്നുവെന്ന് ഏതോ വികട കഥാകൃത്ത് എഴുതിയ പുസ്തകത്തിൽ നിന്ന് അദ്ദേഹം കണ്ടെത്തിയപ്പോൾ (പേജ് 19), ബൈബിൾ വ്യക്തമായി ആ വിഷയം രേഖപ്പെടുത്തിയിട്ടുണ്ട്: സോളമൻ രാജാവിന് 700 രാജ്ഞിമാരും 300 വെപ്പാട്ടികളുമുണ്ടായിരുന്നു (1 രാജാക്കന്മാർ 11:3). അദ്ദേഹം പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: **'ഉല്പത്തി പുസ്കത്തിലും പുറപ്പാട് പുസ്തകത്തിലും മോശ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇവർ തമ്മിൽ ഏതാണ്ട് രണ്ടു നൂറ്റാണ്ടുകളുടെ വ്യത്യാസമുണ്ട്' (പേജ് 16). എന്റെ മറുപടി: ഉല്പത്തി പുസ്തകത്തിൽ മോശ പ്രത്യക്ഷപ്പെടുന്നതേ ഇല്ല.**

ക്രിസ്തീയ വിശ്വാസം എന്തെന്നറിയാത്ത, അറിയാൻ ആഗ്രഹമില്ലാത്ത അദ്ദേഹത്തോട് ഞാനെന്തിന് ഗുസ്തി പിടിക്കണം? 'പാത്രമറിഞ്ഞേ വിളമ്പാവൂ' എന്നൊരു ചൊല്ലുണ്ട്. സത്യം അന്വേഷിക്കുന്നവനേ സത്യം കണ്ടെത്തുകയുള്ളൂ. അല്പം ചില്ലറയും ബുദ്ധിജീവിപരിവേഷവും ഈ പ്രായത്തിലും അദ്ദേഹം ആഗ്രഹിക്കുന്നു, ശ്രമിക്കുന്നു. അദ്ദേഹം ഉണ്ടാക്കിക്കൊള്ളട്ടെ.

ഒരു വിഷയത്തിൽ **വിവരശേഖരണം** നടത്തി ക്രോഡീകരിച്ചാൽ ഡോക്ടറേറ്റിനുള്ള പ്രബന്ധം അവതരിപ്പിക്കാം. ശേഖരിച്ച വിവരം പ്രാക്ടീസ് ചെയ്ത് **അറിവുണ്ടായാൽ** വരുമാനം ലഭിക്കുന്ന ഒരു തൊഴിലുണ്ടാകും. ശേഖരിച്ച വിവരം പഠിച്ച് പ്രാക്ടീസ് ചെയ്യുമ്പോൾ മനസ്സിന് സന്തോഷവും ആനന്ദവും ലഭിച്ചാൽ അത് **ജ്ഞാനമായി** മാറും. സോമദത്തന്റെ പുസ്തകത്തിലെ വിവരശേഖരണം ഏതെങ്കിലും ക്രിസ്തുവിരുദ്ധ സർവ്വകലാശാലയിൽ കൊടുത്ത് ഡോക്ടറേറ്റിന് ശ്രമിക്കാം. എന്നാൽ അദ്ദേഹത്തിന്റെ പ്രവർത്തി (ഇതുപോലെയുയള്ള പുസ്തക ചമയ്ക്കൽ എന്ന മെനക്കട്ടെ പണി) ഒരിക്കലും ശരിയായ അറിവോ ജ്ഞാനമോ ആയി മാറുകയില്ല.

എല്ലാ തരത്തിലുള്ള മതവിശ്വാസികളും നിരീശ്വരവാദികളും യേശുക്രിസ്തു എന്ന ചരിത്രപുരുഷനെ അംഗീകരിക്കുന്നുണ്ട്. കാരണം, ഏതു രാജ്യത്തുള്ള ബാങ്കിലാണെങ്കിലും മുസ്ലീം, ഏബ്രായ, ഇൻഡ്യൻ കലണ്ടർ പ്രകാരമുള്ള തീയതിവെച്ച് ചെക്ക് (Cheque) കൊടുത്താൽ ബാങ്കുകൾ സ്വീകരിക്കുകയില്ല. കർത്താവായ യേശുവിന്റെ നാമത്തിലുള്ള തീയതി വെച്ച് Cheque കൊടുത്താൽ മാത്രമേ ബാങ്കുകൾ സ്വീകരിക്കുകയുള്ളൂ. ചെക്ക്എഴുതുമ്പോൾ ദിവസവും മാസവും കഴിഞ്ഞ് വർഷം 2017 എന്ന് എഴുതുമ്പോൾ, കർത്താവിന്റെ നാൾ തൊട്ട് 2017 വർഷം എന്നാണ്.

A.D. എന്നത് Anno Domini എന്ന ലത്തീൻ വാക്കാണ്. Anno Domini എന്നു പറഞ്ഞാൽ In the year of the Lord.

***അടിക്കുറിപ്പ്:*** *യേശു 30 വയസ്സുവരെ ഇന്ത്യയിൽ യോഗാഭ്യാസം പഠിക്കുകയായിരുന്നു എന്ന് പ്രഖ്യാപിച്ച പുലിക്കുന്നേൽ സാർ, പ്രൊഫസറിന്റെ സുഹൃത്താണെന്നുകൂടി ഫോണിൽകൂടി, സംഭാഷണം മദ്ധ്യേ പറഞ്ഞിരുന്നു.*

*ലോകപ്രശസ്തനായ, ക്രിസ്ത്യൻ പേരുള്ള വർഗീസ് കുര്യന്റെ (അമുൽ കുര്യന്റെ) ശവസംസ്കാരം ഹിന്ദു ആചാരപ്രകാരം ഗുജറാത്തിൽ നടത്തി.*

*ലോകപ്രശസ്തനായ ക്രിസ്ത്യൻ പേരുള്ള പാട്ടുകാരൻ യേശുദാസ് മനഃസമാധാനത്തിനും വളർച്ചയ്ക്കും വേണ്ടി ക്ഷേത്രങ്ങളിലെല്ലാം കയറിയിറങ്ങുന്നു.*

*യേശു വിവാഹിതനായിരുന്നെന്ന് പുരാതനരേഖയുണ്ടെന്ന് പറഞ്ഞ് ഹാവാർഡ് സർവ്വകലാശാലയിലെ വനിത പ്രൊഫ.* ***കാരേൻ കിങ്ങ്*** *പുതിയ അവകാശവാദമായി ലോകത്തിൽ പ്രശസ്തയാകാൻ ശ്രമിച്ചിരുന്നു (മലയാള മനോരമ 29/9/2012).*

*വിനയ ചന്ദ്രൻ എന്ന മലയാള കവി മഗ്ദലമറിയത്തെ കഥാനായികയാക്കിയപ്പോൾ സക്കറിയ എന്ന കഥാകൃത്ത് ലാസറിന്റെ ഒരു സഹോദരിയായ മറിയെയാണ് ക്രിസ്തുവിന്റെ കാമുകിയായി കണ്ടെത്തിയത്. കർത്താവിന്റെ ദീർഘക്ഷമയാൽ രണ്ടുപേരും പണക്കാരും പ്രശസ്തരുമാണ്. കവി തന്റെ രണ്ടാമത്തെ പുനരുത്ഥാനത്തിൽ ഉയർത്തെഴുന്നേൽക്കാൻ വേണ്ടി, ന്യായമായ വിധിക്കുവേണ്ടി മൂന്ന് വർഷം മുമ്പ് മരിച്ചു.*




## 01 ഐ.പി.സി ഫാമിലി കോൺഫറൻസ്......

01

(DFW) അന്തർദേശീയ വിമാനത്താവളത്തിൽ സ്ഥിതിചെയ്യുന്ന ഹയാറ്റ് റീജിയൻസി ഹോട്ടലിലാണ് കോൺഫറൻസ് ക്രമീകരിക്കുന്നത്.

പാസ്റ്റർ കെ. വി. തോമസ്, ജോൺസൺ വർക്കി (ലോക്കൽ കോർഡിനേറ്റേഴ്സ്), ബേബി പി. തോമസ് (സെക്രട്ടറി), ഫിന്നി സാം (ട്രഷറർ), ബ്ലസൻ ബാബു (യൂത്ത്) തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ വിവിധ ഡിപ്പാർട്ട്മെന്റ് കോർഡിനേറ്റർമാരായി പാസ്റ്റർ സാബു സാമുവേൽ, പി. എം. സാമുവേൽ (പ്രയർ), ബാബു വടക്കേക്കുറ്റ് (രജിസ്ട്രേഷൻ), ഡാനി ഡേവിഡ് (അക്കൊമഡേഷൻ), ജോൺ മാത്യു (ഫുഡ്), ജോർജ് ആര്യപ്പള്ളിൽ (മ്യൂസിക്), ജോ മാത്യൂസ് (ലൈറ്റ് & സൗണ്ട്), ഫിലിപ്പ് ജോൺ (ട്രാൻസ്പോർട്ടേഷൻ), ബെന്നി ജോൺ (സെക്യൂരിറ്റി), വർഗീസ് ചീനിവിളയിൽ (അഷേഴ്സ്), എസ്. പി. ജെയിംസ് (പബ്ലിസിറ്റി/മീഡിയ) എന്നിവരെ തിരഞ്ഞെടുത്തു.

മീറ്റിംഗിൽ ഡാളസിലെ ഐ.പി.സി സഭകളുടെ ശക്തമായ പ്രാതിനിധ്യം ഉണ്ടായിരുന്നു. നാഷണൽ ഭാരവാഹികളായ അലക്സാണ്ടർ ജോർജ് (സെക്രട്ടറി), ജെയിംസ് മുളവന (ട്രഷറർ), ജെറി കല്ലൂർ (യൂത്ത്), സാം മാത്യു (ഡാളസ് പ്രതിനിധി) കൂടാതെ ഐ.പി.സി മിഡ് വെസ്റ്റ് ജനറൽ കൗൺസിൽ മെമ്പറായ ജോർജ് മത്തായിയും മീറ്റിംഗിൽ സംസാരിച്ചു. നാഷണൽ ലോക്കൽ കമ്മറ്റികളുടെ സംയുക്ത മീറ്റിംഗ് നവംബർ 11ന് ശനിയാഴ്ച DFW Hyatt Hotel ൽ നടക്കുമെന്ന് പാസ്റ്റർ ബേബി വർഗീസ് അറിയിച്ചു. കോൺഫറൻസിന്റെ അനുഗ്രഹത്തിനും വിജയത്തിനും നോർത്ത് അമേരിക്കയിലെ എല്ലാ ഐപിസി റീജിയനുകളുടെയും വിശിഷ്യാ ഐ.പി.സി മിഡ് വെസ്റ്റ് റീജിയനിലും ഡാളസിലുമുള്ള എല്ലാ ഐ.പി.സി സഭകളുടെയും സാന്നിദ്ധ്യം സഹകരണവും പ്രാർത്ഥനയും കൺവീനർ പാസ്റ്റർ ബേബി വർഗീസ് അഭ്യർത്ഥിച്ചു.

## 01 മധ്യപൂർവ്വ ദേശത്ത്....

രക്ഷിക്കാൻ ഇവർ ശ്രമിച്ചു. എന്നാൽ ഇറാക്കി സൈന്യം ഇവരെ കീഴ്പ്പെടുത്തി കുർദുകളുടെ സ്വയം ഭരണ പ്രദേശങ്ങൾ കീഴടക്കുന്നത് വീണ്ടും അസമാധാനത്തിലേക്കു നയിക്കും.

സ്വന്തമായി രാജ്യം ഇല്ലാത്ത മധ്യേഷ്യയിലെ ഏറ്റവും വലിയ ന്യൂനപക്ഷം ആണ് കുർദുകൾ. തുർക്കി, സിറിയ, ഇറാൻ, ഇറാക്ക് എന്നീ രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഇവർക്ക് ഇറാക്കിൽ ഇർബിൽ കേന്ദ്രമായി സ്വയം ഭരണ പ്രദേശം ഉണ്ട്. എന്നാൽ ഇത് ഇറാക്ക് തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നു. ഇറാക്കിലെ പീഡിപ്പിക്കപ്പെട്ട ന്യൂനപക്ഷങ്ങൾക്ക് അഭയം നൽകിയ നഗരം ഇർബിൽ വീണാൽ ഇവിടുത്തെ ന്യൂനപക്ഷങ്ങളുടെ ജീവിതം വീണ്ടും ദുരിതപൂർണ്ണമാകും.

# നിത്യതയിൽ



### എൻ. എ. ചെറിയാൻ (87)

**കണ്ണൂർ:** കീഴ്പ്പള്ളി പുതിയങ്ങാടി അസംബ്ലീസ് ഓഫ് ഗോഡ് സഭാ അംഗം മന്ദമരുതിനെല്ലിക്കാലായിൽ എൻ. എ. ചെറിയാൻ (87). ഒക്ടോബർ ആറിന് നിത്യതയിൽ ചേർക്കപ്പെട്ടു. സഭാശുശ്രൂഷകന്മാരോടൊപ്പം സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന പരേതൻ അതിഥി സൽക്കാരപ്രിയനായിരുന്നു. ഇന്ത്യൻ ആർമിയിൽ ഇരുപത്തേഴ് വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരം ഏഴിന് എ.ജി. ആനപന്തി സെമിത്തേരിയിൽ നടന്നു. ഇരിട്ടി സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ അനീഷ് എം. ഐപ്പ് സംസ്കാരശുശ്രൂഷ നിർവ്വഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷകൾ പാസ്റ്റർ എ.ജെ.തോമസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ എം. ജെ. ജോൺ, ശശി ജോസഫ്, കെ. ഐ. വർഗീസ്, കെ. വി. വർഗീസ്, ജോമോൻ ജോസഫ്, സാം തോമസ്, എ. ഐ. കുര്യൻ, ജോസ് ജോസഫ്, ഡേവിഡ് ജോൺ, എം. സി. സ്കറിയ, പാലയ്ക്കൽ എബ്രഹാം, ബ്രദർ കെ. വി. ചാക്കോ, കെ. വി. സാമുവേൽ, അഡ്വ. സണ്ണി ജോസഫ് എം. എൽ. എ.. തുടങ്ങിയവർ അനുശോചനം അറിയിച്ചു.

ഭാര്യ. സീതത്തോട് ആനവട്ടത്ത് അമ്മിണി ചെറിയാൻ. മക്കൾ: ബെൻഷി ചെറിയാൻ, ജാൻസി ജോബ്. മരുമക്കൾ: ഡെയ്സി, കെ. ജെ. ജോബ് -വയനാട്.

### പാസ്റ്റർ എം.കെ.തങ്കച്ചൻ (72)



**ചെന്നിത്തല:** ഐ.പി.സി. ഇരമത്തൂർ ബഥേൽ സഭാംഗം മുല്ലോലിൽ പാസ്റ്റർ എം.കെ.തങ്കച്ചൻ (72) ഒക്ടോബർ 16 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഐ.പി.സി ആലപ്പുഴ ഈസ്റ്റ് സെന്ററിലെ കൊമ്പങ്കേരി ശാലേം സഭാ ശുശ്രൂഷകനായിരുന്നു. ഹൃദ്രോഗിയായി ചില മാസങ്ങളായി രോഗശയ്യയിലായിരുന്നു. ഇന്ത്യൻ ആർമിയിലെ ഉദ്യോഗത്തിനു ശേഷം അനേകം സ്ഥലം സഭകൾ സ്ഥാപിക്കുവാൻ സുവിശേഷ വേലയിൽ അരോഹാത്രം അദ്ധ്വാനിച്ചിട്ടുണ്ട്. 19 ന് ഭവനത്തിൽ നടന്ന സംസ്കാര ശുശ്രൂഷയ്ക്ക് പാസ്റ്റർ സി.വി.ചാക്കോ നേതൃത്വം നൽകി. പാസ്റ്റർമാരായ ബി. മോനച്ചൻ, ബിനു ആലുംമൂട്ടിൽ, ജി. ജോണിക്കുട്ടി, എം. ഒ. ചെറിയാൻ, ഷാജൻ എന്നിവർ പ്രസംഗിച്ചു. അനേക കർത്തൃദാസന്മാരും സാമൂഹിക-സാംസ്കാരിക പ്രവർത്തകരും ബിലീവേഴ്സ് ജേണലിനു വേണ്ടി പാസ്റ്റർ കെ.ജെ മാത്യുവും അനുശോചനം അറിയിച്ചു. ഭവനത്തിലെ ശുശ്രൂഷയ്ക്ക് ശേഷം പാസ്റ്റർ എം.വി.വർഗ്ഗീസിന്റെ നേതൃത്വത്തിൽ കുടുംബ കല്ലറയിൽ സംസ്കരിച്ചു.

ഭാര്യ: തൈമറവങ്കര വാലിയിൽ കുടുംബാംഗം കുഞ്ഞൂഞ്ഞമ്മ. മക്കൾ: ബോബി, റൂബി. മരുമക്കൾ: സിംന, സജി.



### വിൻസന്റ് (62)

**പുനലൂർ:** ഐ.പി.സി. വിളക്കുടി ബറോഖാ സഭാംഗം രഹബോത്ത് ഭവനിൽ വിൻസന്റ് (62) ഒക്ടോബർ 1ന് നിത്യതയിൽ. പിറ്റേന്ന് പ്ളാച്ചേരി സഭാ സെമിത്തേരിയിൽ പാസ്റ്റർ ബിജു റ്റി ഫിലിപ്പിന്റെ നേതൃത്വത്തിൽ സംസ്കരിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ റ്റി.സാം കുട്ടി നേതൃത്വം നൽകി. പാസ്റ്റർമാരായ റോയി ജോൺ, ജോൺസൺ, പി.എം.തോമസ്, പി.എസ്.ചെറിയാൻ, ജോർജുകുട്ടി എന്നിവർ ശുശ്രൂഷിച്ചു.

ഭാര്യ: മേരിക്കുട്ടി, മക്കൾ: ഇവാ. ബിനോയി വിത്സൻ (ഐ.പി.സി ഇടപ്പാളയം ), മഞ്ചു. മരുമക്കൾ: ആശാ, ജോസഫ്.

# താലന്തു പരിശോധന

**ഇടുക്കി:** ഐ.പി.സി ഇടുക്കി നോർത്ത് സെന്റർ സണ്ടേസ്കൂൾ താലന്ത് പരിശോധന അടിമാലി ബേർശേബ ഹാളിൽ വെച്ച് നടന്നു. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി പൂമാംകണ്ടം സഭ ഒന്നാം സ്ഥാനവും, ചുരുളിപതാൽ സഭ രണ്ടാം സ്ഥാനവും, തോക്കുപാറ സഭ മൂന്നാം സ്ഥാനവും നേടി.

സണ്ടേസ്കൂൾ സൂപ്രണ്ട് പാസ്റ്റർ ബാബു ജോസഫ്, സെക്രട്ടറി സിസ്റ്റർ പൊന്നമ്മ, ട്രഷറർ ബ്രദർ ബേബി, താലന്ത് കൺവീനർ ഇവാ. ഷിജു ആന്റണി എന്നിവർ നേതൃത്വം നൽകി. സെന്റർ മിനിസ്റ്റർ. പാസ്റ്റർ ജോയി പെരുമ്പാവൂർ ഉത്ഘാടനവും സമ്മാനദാനവും നിർവ്വഹിച്ചു.

# സ്റ്റുഡന്റ് കൗൺസിൽ വൈസ് പ്രസിഡന്റായി മലയാളിവിദ്യാർത്ഥി



**അറ്റ്ലാന്റ:** ഗുനറ്റ്കൗണ്ടിഡിസ്ട്രിക്കിൽ ലോറൻസ്വിൽ വുഡ്വാർഡ്മിൽ സ് കൂളിൽ നടന്ന സ്റ്റുഡന്റ്സ് കൗൺസിൽ തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ടു നേടി മലയാളിയായ നേയ്തൻ ഫിലിപ്പ് അലക്സാണ്ടർ വിജയിച്ചത്. ഷാജൻ അലക്സാണ്ടർ-നിസ്സിഅലക്സാണ്ടർ ദമ്പതികളുടെ സീമന്തപുത്രനാണ് 10 വയസ് പ്രായമുള്ള ഈ അഞ്ചാം ക്ലാസ് വിദ്യാർത്ഥി.പഠനത്തിൽ പിൻപോട്ടു പോകുന്ന സഹപാഠികളെ സഹായിക്കുന്ന പീർടർട്ടറായിസേവനം ചെയ്യുന്ന നേയ്തൻ അതേ സ്കൂളിൽ വിദ്യാർത്ഥികളെ പഠിപ്പിക്കുകയുംചെയ്തുവരുന്നു. കൊച്ചുകുട്ടികളുടെ ക്ലാസിലെ റീഡിംഗ് ബഡി (ബുക്ക് വായിച്ച് സഹായിക്കുക) എന്നതിനോപ്പം ഗുനറ്റ്കൗണ്ടി ലൈബ്രറി പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം വഹിക്കുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളിലും തുടർച്ചയായി പ്രിൻസിപ്പാൾസ് ഹോണർറോൾ ബഹുമതിയും ഈ വിദ്യാർത്ഥി കരഗതമാക്കിയിട്ടുണ്ട്. ഫ്രീ ചാപ്പൽകിഡ്സ് ക്വയർ അംഗംകൂടിയായ നേയ്തന് ഭാവിയിൽ അമേരിക്കൻ രാഷ്ട്രീയരംഗത്ത് സജീവമാകുക എന്നതാണ് അഭിലാഷം.

# പ്രാർത്ഥനാസംഗമം



ചർച്ച് ഓഫ് ഗോഡ് പ്രെയർ ബോർഡ് പത്തനംതിട്ട ഏരിയ പ്രാർത്ഥനാസംഗമത്തിൽ ഡയറക്ടർ പാസ്റ്റർ വി.പി.തോമസ് പ്രസംഗിക്കുന്നു.

**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് പ്രെയർ ബോർഡിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ഏരിയ പ്രാർത്ഥനാസംഗമം കോന്നി ദൈവസഭാ ഹാളിൽ നടന്നു. പ്രെയർ ബോർഡ് ഡയറക്ടർ പാസ്റ്റർ വി.പി.തോമസ്, ജോയിന്റ് ഡയറക്ടർ പാസ്റ്റർ ഇ.എസ്.ജോൺ എന്നിവർ വചനശുശ്രൂഷ നടത്തി. ട്രഷറർ പാസ്റ്റർ ജോൺ ജോസഫ് പി., ജോയിന്റ് സെക്രട്ടറി പാസ്റ്റർ വർഗീസ് ഈപ്പൻ, ബോർഡ് അംഗങ്ങളായ പാസ്റ്റേഴ്സ് തോമസ് ജോർജ്, ജോർജ് തോമസ്, കെ.എ.ജയിംസ്, ഡിസ്ട്രിക്ട് പാസ്റ്റർമാരായ ജോസഫ് സാം, വർഗീസ് ഏബ്രഹാം, വർഗീസ് വി.ജോൺ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. പാസ്റ്റർ കെ.എ.ഡേവിഡ് ഗാനശുശ്രൂഷ നയിച്ചു.

# നിരണം യു. പി. എഫ് ഭാരവാഹികൾ

  

**നിരണം:** കുട്ടനാട്, ചെങ്ങന്നൂർ, തിരുവല്ല, ഹരിപ്പാട് എന്നീ താലൂക്കുകളിൽ ഉൾപ്പെട്ട എഴുപതിൽപരം പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ നിരണം യു. പി. എഫ്. 14-ാമത് വാർഷിക പൊതുയോഗം ഓഗസ്റ്റ് 13-ന് കണ്ടംങ്കേരിൽ ഭവനാങ്കണത്തിൽ വച്ച് പ്രസിഡന്റ് ബ്രദ. സ്റ്റാൻലി കെ. ഉമ്മന്റെ അദ്ധ്യക്ഷതയിൽ നടന്നു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ബ്രദർ സ്റ്റാൻലി കെ. ഉമ്മൻ (പ്രസിഡന്റ്). പാസ്റ്റർ കെ. പി. കോശി (ആക്ടിംഗ് പ്രസിഡന്റ്), പാസ്റ്റർമാരായ ബാബു തലവടി, ജോസ് ശാമുവേൽ, ലാലു, എൻ. സ്റ്റീഫൻ, ബ്രദർ കെ. കെ. തോമസ് (വൈസ് പ്രസിഡന്റ്മാർ), പാസ്റ്റർ ബിനോയ് മാത്യു (ജനറൽ സെക്രട്ടറി), പാസ്റ്റർ സുനിൽ വറുഗീസ് (ജോ. സെക്രട്ടറി), ബ്രദർ എം. റ്റി. വർഗീസ് (ട്രഷറർ), പാസ്റ്റർ കുര്യൻ വറുഗീസ് (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ മാത്യു ജോർജ്ജ് (ഓർഗനൈസർ), പാസ്റ്റർ തോമസ് ബേബി (പ്രയർ സെക്രട്ടറി), ബ്രദർ സുരേഷ് തോമസ് (ഇവാഞ്ചലിസം), പാസ്റ്റർ ഷൈബി സൈമൺ (ചാരിറ്റി സെക്രട്ടറി), ബിബു ജേക്കബ് (യൂത്ത് അഫേഴ്സ്), പാസ്റ്റർ ഒ. കെ. ഉമ്മൻ (ഡയറക്ടർ). എന്നിവരെ കൂടാതെ 40 അംഗകമ്മറ്റിയേയും തെരഞ്ഞെടുത്തു.

നിരണം യു.പി.എഫിന്റെ 14-ാമത് കൺവൻഷൻ നവ:9-12 വരെ കാട്ടുനിലംകണ്ടംങ്കേരിൽ ഭവനാങ്കണത്തിൽ വച്ച് നടക്കും. പ്രസിഡന്റ് സ്റ്റാൻലി കെ ഉമ്മൻ ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ കെ.സി ജോൺ, പി.സി ചെറിയാൻ, ഫിന്നി ജേക്കബ്, ഉമ്മൻ കെ ഉമ്മൻ, പി എസ് ഫിലിപ്പ് എന്നിവർ പ്രസംഗിക്കും. ഹീലിംഗ് മെലഡി ഗാനങ്ങൾ ആലപിക്കും. കെ.പി കോശി, ബിനോയ് മാത്യു, കുര്യൻ വറുഗീസ്.മാത്യു ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നല്കും.

# വൈവാഹികം

കുവൈറ്റിൽ ജോലിയുള്ള സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ്. ഇടത്തരം കുടുംബം ഇപ്പോൾ നാട്ടിലുണ്ട് (28, 155 സെ.മീ., ഡിപ്ലോമ) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 9446663736, 908877640**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി (24,160 cm) Master of Physio therapy (MPT) Neuro. വിദേശത്ത് ജോലിയുള്ള (യൂറോപ്യൻ രാജ്യങ്ങളിൽ ജോലിയുള്ളവർക്കു മുൻഗണന). യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 9446249865 9744269865**

Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും
PATMOS MINISTRIES INDIA
പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959
Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 20
BELIEVERS JOURNAL
PUBLISHED ON 25/10/2017
BELIEVERS JOURNAL
P. O. Box: 31, Manjadi P.O., Thiruvalla - 689 105
Posted at RMS Thiruvalla
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.